നം.കെ.എസ്.എ-കെ.ടി.എം.പി10/2193/2018 തീയതി : 19.12.2018

# കോട്ടയം ജില്ലയിലെ മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കോട്ടയം ജില്ലയിലെ **മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ** 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.17 മുതൽ 31.3.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 1.12.2018ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2018 മുതൽ 01. 12.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഇന്ദുലേഖ എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീമതി സ്മിത റ്റി. | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീ.ഷാജിമോൻ പി.ബി. | സീനിയർ ഗ്രേഡ്ഓഡിറ്റർ |

**ബി) നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി എലിക്കുട്ടി തോമസ് | 1.04.2017 മുതൽ 21.04.2017 വരെ |
| | ശ്രീ.വർഗ്ഗീസ് റ്റി.എബ്രഹാം | 21.04.2017 മുതൽ 30.05.2017 വരെ |
| | ശ്രീമതി ബിന്ദു | 31.05.2017 മുതൽ 20.11.2017 വരെ |
| | ശ്രീ.വർഗ്ഗീസ് റ്റി.എബ്രഹാം | 21.11.2017 മുതൽ 13.12.2017 വരെ |
| | ശ്രീമതി ലൈസാമ്മ ദേവസ്യ | 14.12.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ.പി.വി.രാജീവ് | 1.04.2017 മുതൽ 30.04.2017 വരെ |
| | ശ്രീ.തോമസ് വി.കുരുവിള(അസിസ്റ്റന്റ് സെക്രട്ടറി) | 01.05.2017 മുതൽ 03.05.2017 വരെ |
| | ശ്രീമതി ഷൈലജ ബി. | 04.05.2017 മുതൽ 05.06.2017 വരെ |

| | | |
|---|---|---|
| | ശ്രീ.സി.പി.വേണുഗോപാൽ | 06.06.2017 മുതൽ 31.03.2018 വരെ |

സി) <u>മറ്റ് നിർവഹണോദ്യോഗസ്ഥർ</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സുഭാഷ് പിള്ള | 01.04.2017 മുതൽ 1.11.2017 വരെ |
| | ശ്രീമതി ജ്യോതി | 2.11.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഡി.ദീപു | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.ആനന്ദ് പി.ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ.ദിനേശൻ പി.പി. | 1.04.2017 മുതൽ 31.03.2018 വരെ |
| | ശ്രീ.ഷെമീർ | 1.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.സാലി സഖറിയാസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.അഞ്ജന | 01.04.2017 മുതൽ 09.08.2017 വരെ |
| | ഡോ.ആരതി | 11.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ശ്രീലത എൽ.വി. | 01.04.2017 മുതൽ 10.07.2017 വരെ |
| | ഡോ.ശ്രീജ | 11.7.17 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ലക്ഷ്മി | 01.04.2017 മുതൽ 31.07.2017 വരെ |
| | ശ്രീമതി ഇന്ദു | 01.08.2017 മുതൽ 07.10.2017 വരെ |
| | ശ്രീമതി സിന്ധു | 9.10.2017 മുതൽ 29.11.2017 വരെ |
| | ശ്രീമതി ഇന്ദു | 29.11.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീമതി ബിന്ദു ജെ.എൽ. | 1.4.17 മുതൽ 3.10.2017 വരെ |
| | ശ്രീ.കബീർ | 10.10.2017 മുതൽ 8.11,2017 വരെ |
| | ശ്രീ.രഞ്ജിത് | 8.11.2017 മുതൽ 10.01.2018 വരെ |
| | ശ്രീ.കീർത്തി മാധവ് | 11.01.2018 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.വിജയകുമാർ എം.ജി. | 01.04.2017 മുതൽ 10.12.17 വരെ |
| | ശ്രീമതി ജയകുമാരി | 11.12.17 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.തോമസ് വി.കുരുവിള | 1.04.2017 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 പൊതു അവലോകനം** | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് അക്കൗണ്ട് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളുടെ അവലോകനം |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | അനധികൃതമായി പണിതീർത്ത കെട്ടിടം നിയമപ്രകാരമല്ലാതെ ഉപയോഗക്രമം മാറ്റി നികുതി നിർണ്ണയം നടത്തി |
| 2-1-2 | വസ്തുനികുതി നിർണ്ണയം – അപാകത സംബന്ധിച്ച് |
| 2-2-1 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-2-2 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-3-1 | ഡി & ഒ ട്രേഡ് ലൈസൻസ് പരിഷ്കരിച്ച ചട്ടം നടപ്പാക്കിയിട്ടില്ല |
| 2-3-2 | ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് കുറവായി ഈടാക്കി |
| 2-3-3 | വാസഗൃഹം എന്ന നിലയിൽ നികുതി നിർണ്ണയം നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-അപാകത പരിഹരിയ്ക്കാൻ നടപടികൾ സ്വീകരിക്കണം |
| 2-4 | കോട്ടയം റവന്യു ഡിവിഷണൽ ഓഫീസറുടെ ഉത്തരവ് ഉണ്ടായിട്ടും പുറമ്പോക്ക് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചില്ല |
| 2-5 | കെട്ടിടനിർമ്മാണ അനുമതി – അപാകതകൾ |
| 2-6 | ടെണ്ടർഫോം വില പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടണം |
| **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | കരാർ ജീവനക്കാരുടെ സർവ്വീസ് രേഖകൾ സൂക്ഷിച്ചിട്ടില്ല |
| 3-2 | ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകൾ പൂർണ്ണല്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-3 | വെള്ളക്കരം അധികം തുക അടവാക്കിയത് – ക്രമീകരിയ്ക്കാത്തത് |
| 3-4 | ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ – അപാകതകൾ |
| 3-5 | സ്വയംതൊഴിൽ സംരംഭം-പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ, രേഖകൾ എന്നിവ |

| | |
|---|---|
| | ലഭ്യമാക്കിയില്ല |
| 3-6 | മോട്ടോർ സൈക്കിളിന് അധികനിരക്കിൽ സബ്സിഡി നൽകി |
| 3-7 | വൃദ്ധർക്ക് കട്ടിൽ-പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 3-8 | വീട് പുനരുദ്ധാരണം-ചെലവ് രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല |
| 3-9 | വിദ്യാർത്ഥികൾക്ക് പഠനമുറി-പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 3-10 | പതിന്നാലാം ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കി |
| 3-11 | വാട്ടർ കിയോസ്ക് – പ്ലാറ്റ്ഫോം നിർമ്മാണം – പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ |
| 3-12 | പഞ്ചായത്ത് ഓഫീസ് ഒന്നാം നില നിർമ്മാണം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 3-13 | അങ്കണവാടി നിർമ്മാണം-തുടർനടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-14 | ലക്ഷ്യം കൈവരിയ്ക്കാത്ത പ്രോജക്ടുകൾ |
| 3-15 | കുറഞ്ഞ ടെണ്ടർ അംഗീകരിയ്ക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം -1
# പൊതു അവലോകനം

1-1 ബജറ്റ്

2017 -18 വർഷത്തെ ബജറ്റ് 9.3.18 തീയതിയിലെ 2(1)-ാം നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 1,92,91,862.9 | 3,99,59,984.1 |
| വരവ് | 15,17,14,775 | 8,22,67,310 |

| | | |
|---|---|---|
| ആകെ | 17,10,06,637.9 | 12,22,27,294.1 |
| ചെലവ് | 15,37,66,000 | 7,63,69,714 |
| നീക്കിയിരിപ്പ് | 1,72,40,637.9 | 4,58,57,580.1 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല.ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ചചെലവ് സംബന്ധിച്ചും പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 17.5.18 | ---- | ----- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 13.06.18 – 14.06.18 |

പരിശോധനയുടെ അടിസ്ഥാനത്തിൽ കെ.എസ്.എ-കെ.ടി.എം.പി10/1133/18/28.06.18 പ്രകാരം വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 3,99,59,984.1 |
| വരവ് | 8,22,67,310 |
| ആകെ | 12,22,27,294.1 |
| ചെലവ് | 7,63,69,714 |
| നീക്കിയിരിപ്പ് | 4,58,57,580.1 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,76,28,000 | 1,76,28,000 | 1,29,70,108 | 46,57,892 | 73 |
| വികസനഫണ്ട് എസ്.സി.പി. | 0 | 84,66,827 | 84,66,827 | 70,66,824 | 14,00,003 | 83 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2,90,882 | 2,90,882 | 2,39,298 | 51,584 | 82 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 91,36,000 | 91,36,000 | 65,72,331 | 25,63,669 | 71 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 39,23,000 | 39,23,000 | 12,35,836 | 26,87,164 | 31 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 82,78,493 | 82,78,493 | 45,54,044 | 3,72,449 | 55 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 15,87,732 | 15,87,732 | 15,87,732 | 0 | 100 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 10,98,734 | 10,98,734 | 10,11,810 | 86,924 | 92 |

| | | | | | | |
|---|---|---|---|---|---|---|
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | | | | | | |
| MGNREGS | 16,829 | 5,35,223 | 5,52,052 | 5,34,742 | 17,310 | 0 |
| ട്രഷറി ടി.എസ്.ബി | | | | | | |
| ബി ഫണ്ട് | 4,88,12,000 | 4,88,12,000 | 4,88,12,000 | 4,88,12,000 | | |
| തനത് ഫണ്ട്, | | | | | | |
| എസ്.ബി.ഐ. ഇ-പെയ്മെന്റ് | | | | | | |

## 1-6 പദ്ധതി അവലോകനം

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യവാർഷികപദ്ധതിയാണ് 2017-18 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13-ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 9.1.2017ലെ സർക്കാർ ഉത്തരവ്(എം.എസ്)10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 3/2017 ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട്)പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയാറാക്കിയ കരട് പ്രോജക്ടുകൾ 4/2017 ൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 5/2017 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29.3.17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ് ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23.02.2018ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2017-18 വാർഷികപദ്ധതിക്ക് അംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി - 490/17/DPC/DPO/KTM തീയതി 2.05.2018

ആകെ അടങ്കൽ 9,55,04,898 രൂപ
ആകെ ചെലവ് 3,81,58,811 രൂപ (39.95%)

ആകെ 169 പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. അംഗീകാരം ലഭിച്ച 42 പ്രോജക്ടുകൾ ഉപേക്ഷിച്ചു. ചെലവ് ശതമാനം ഉയർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**<u>നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും</u>**

അംഗീകാരം ലഭിച്ച 169 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 12 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 6 | 6 | 16,12,640 | 9,15,000 | 56.7 |
| 2. | വെറ്ററിനറി സർജൻ | 7 | 7 | 32,97,230 | 17,60,660 | 53.3 |
| 3. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 6 | 6 | 14,41,850 | 13,65,303 | 94.6 |

| | | | | | | |
|---|---|---|---|---|---|---|
| 4. | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 50,000 | 50,000 | 100 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 1 | 1 | 4,00,000 | 4,00,000 | 100 |
| 6. | വി.ഇ.ഒ. | 10 | 5 | 4,16,95,000 | 73,19,145 | 17.5 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 7 | 7 | 73,20,000 | 61,24,969 | 83.6 |
| 8. | സെക്രട്ടറി | 23 | 16 | 66,83,489 | 27,89,410 | 41.7 |
| 9. | ഹെഡ്മാസ്റ്റർ | 11 | 10 | 6,42,000 | 5,00,441 | 77.9 |
| 10. | അസിസ്റ്റന്റ് എഞ്ചിനീയർ | 81 | 51 | 2,70,76,719 | 1,34,19,734 | 49.5 |
| 11. | അസിസ്റ്റന്റ് സെക്രട്ടറി | 13 | 12 | 30,86,000 | 19,43,100 | 62.9 |
| 12. | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 22,00,000 | 15,71,049 | 71.41 |
| | ആകെ | 169 | 127 | 9,55,04,898 | 3,81,58,811 | **39.9** |

കാർഷികമേഖലയിൽ പച്ചക്കറി, ഏത്തവാഴ, കിഴങ്ങുവർഗ്ഗങ്ങൾ, തെങ്ങ്, പയറുവർഗ്ഗങ്ങൾ, ടിഷ്യൂകൾച്ചർ വാഴ തുടങ്ങിയവയുമായി ബന്ധപ്പെട്ട വികസനപ്രവർത്തനങ്ങളാണ് കൃഷിഓഫീസർ നടപ്പിലാക്കിയത്. പ്രോജക്ടുകൾ കാര്യക്ഷമമായി നിർവഹിച്ചതായി ഇതുസംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ വ്യക്തമായി. എന്നാൽ കാർഷികമേഖലയുടെ ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി പ്രോജക്ടുകളുടെ നിർവഹണ മോണിട്ടറിംഗ് പ്രക്രിയകളിൽ ഫലപ്രദമായി ഇടപെട്ടതിന്റെ വിവരങ്ങളില്ല.

പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി, മുട്ടക്കോഴി വിതരണം, ആടുവളർത്തൽ, മൃഗാശുപത്രിയ്ക്ക് മരുന്നുവാങ്ങൽ തുടങ്ങി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളാണ് വെറ്ററിനറിസർജൻ നിർവഹണം നടത്തിയത്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പാലിയേറ്റീവ് പരിചരണ പ്രോജക്ട് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി കാര്യക്ഷമമായി നടപ്പാക്കിവരുന്നു.

എസ്.സി, പൊതു വിഭാഗങ്ങളിൽപെട്ട ഗുണഭോക്താക്കൾക്കായി വീടുകളുടെ ഗുണമേന്മാ വർദ്ധനവ്, പട്ടികവർഗവിഭാഗത്തിനുള്ള ഭവനപുനരുദ്ധാരണം എന്നീ വികസനകാര്യ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളും, മഴവെള്ളസംഭരണി, തുടങ്ങി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ വരുന്ന പ്രോജക്ടുകളും വി.ഇ.ഒ യാണ് നിർവഹിച്ചത്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ ഉൾപ്പെട്ട അങ്കണവാടി അനുപൂരക പോഷകാഹാരം, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, തുടങ്ങിയ പ്രോജക്ടുകൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കി. അങ്കണവാടികളുടെ മോണിട്ടറിംഗ് & വെൽഫയർ കമ്മിറ്റി യോഗ മിനിറ്റ്സ് പരിശോധിച്ചതിൽ അങ്കണവാടികളുടെ പ്രവർത്തനവും പോഷകാഹാരവിതരണവും സംബന്ധിച്ച വിലയിരുത്തൽ നടക്കുന്നതായി കാണപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ അങ്കണവാടികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യപ്പെട്ട് പ്രോജക്റ്റ് നിർദേശങ്ങൾ ഉണ്ടാവുകയും അങ്കണവാടികളുടെ മെയിന്റനൻസിന് 5 പ്രോജക്ടുകൾ വയ്ക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 34 അങ്കണവാടികളിൽ 8 എണ്ണം വാടകക്കെട്ടിടത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. എന്നാൽ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യമായ ഇടപെടലുകൾ അങ്കണവാടിയുടെ ദൈനംദിന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ട്.

എസ്.എസ്.എ വിഹിതം നൽകൽ, എസ്.സി വിഭാഗം വിദ്യാർഥികൾക്ക് ട്യൂഷൻ, എസ്.സി വിദ്യാർഥികൾക്ക് പഠനോപകര ണവിതരണം ഉൾപ്പെടെ ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ പരിഗണനയിൽ ഉൾപ്പെടുന്ന പ്രോജക്ടുകളാണ് ഹെഡ്മാസ്റ്റർ നടപ്പിലാക്കിയത്. എസ്.എസ്.എ ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സ്കൂളുകളിൽ പരിശോധന നടത്തുന്നതിന് ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി ജനറൽ കമ്മിറ്റിക്ക് ശുപാർശ നല്കിയെങ്കിലും പരിശോധന നടത്തിയില്ല.

ധനകാര്യം, വികസനം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം ഉൾപ്പെടെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ചുമതലകളിൽപെട്ട പ്രോജക്ടുകൾ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി അംഗീകാരം നേടിയിരുന്നു. പ്രോജക്ട് നിർവ്വഹണവും മോണിട്ടറിംഗും ഫലപ്രദമായിരുന്നില്ല.

പട്ടികജാതി, പട്ടികവർഗവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളും, ആശ്രയ ഗുണഭോക്താക്കൾക്കുള്ള പ്രോജക്ടുകളുമുൾപ്പെടെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പ്രോജക്ടുകളാണ് അസിസ്റ്റന്റ് സെക്രട്ടറി നിർവഹിച്ചത്. ടി പ്രോജക്ടുകളുടെ നിർവ്വഹണം പൊതുവെ തൃപ്തികരമല്ല.

**പൊതു മരാമത്ത് പ്രവർത്തികൾ- ആസൂത്രണത്തിലും പദ്ധതി നടത്തിപ്പിലും പോരായ്മകൾ**

കേരള പഞ്ചായത്ത് രാജ് നിയമം 162എ പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾ വികസന സ്റ്റാന്റിങ്

കമ്മറ്റിയുടെ ചുമതലയിൽ വരുന്നതാണ്. ഈ മേഖലയിൽ 2017-18 വർഷത്തിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) പദ്ധതികൾ പൂർത്തീകരിക്കുന്നില്ല.

പഞ്ചായത്തിൽ തൻ വർഷം പൊതു മരാമത്ത് മേഖലയിൽ 81 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും 54 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. പദ്ധതി രൂപീകരണം മുതൽ പദ്ധതി പൂർത്തീകരണം വരെയുള്ള ഘട്ടങ്ങളിൽ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടായിട്ടില്ല. ആകെ 2,70,76,719 രൂപ വകയിരുത്തിയെങ്കിലും 1,34,19,734 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (49.5%). സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. പുതിയ പ്രവർത്തികളേറെയും നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ മാത്രമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്. ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെയല്ലാതെ പദ്ധതികൾ നടപ്പിലാക്കിയതിനാൽ പദ്ധതിപണം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ കഴിയാതെ വന്നിട്ടുണ്ട്. ഓഡിറ്റ് വർഷം പ്രത്യേക ഘടകപദ്ധതി ഇനത്തിൽ തുക വകയിരുത്താത്തത് അപാകതയാണ്.

2) ചുമതലകളുടെ നിർവ്വഹണത്തിൽ ശ്രദ്ധിക്കണം

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 81 പ്രവർത്തികളിൽ നൂറോളം പ്രവർത്തികളും റോഡ് വികസനത്തിനായുള്ളതാണ്. ഇതിൽ തന്നെ ഫണ്ട് വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കിയതായി കാണുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. തൻ വർഷം തുക വകയിരുത്തി നടപ്പിലാക്കാത്ത പദ്ധതികളിൽ വിവിധ അംഗൻവാടികളുടെ നിർമ്മാണം, പഞ്ചായത്താഫീസ് ഒന്നാം നില പൂർത്തീകരണം എന്നിവ ഉൾപ്പെടുന്നുണ്ട്. പഞ്ചായത്ത് അനിവാര്യമായും മുൻഗണന നൽകിയും സമയ ബന്ധിതമായും നടപ്പിലാക്കേണ്ട ഇത്തരം പ്രവർത്തികൾക്ക് ഫണ്ട് വകയിരുത്തിയതിന് ശേഷം നടപ്പിലാക്കാതെ പാഴാക്കുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്.

3) പദ്ധതി രൂപീകരണത്തിൽ ഗ്രാമ സഭാ, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പരിഗണിക്കണം

ആസൂത്രണ സമിതിയും വർക്കിങ്ങ് ഗ്രൂപ്പുകളും തയ്യാറാക്കുന്ന വികസനരേഖ ഗ്രാമ സഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ മുഖ്യ വികസന പ്രശ്നങ്ങൾ പ്രതിഫലിക്കുന്നത് ഗ്രാമ സഭയിലാണ്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിൽ നിന്നുള്ള പല നിർദ്ദേശങ്ങളും പദ്ധതികളിൽ പ്രതിഫലിച്ചിട്ടില്ല. അങ്കണവാടിയോട് ചേർന്ന് വയോജനക്ലബ് രൂപികരിയ്ക്കുക, പതിനാലാം വാർഡിലെ പ്രിയദർശിനി അങ്കണവാടിയ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിയ്ക്കുക എന്നിവ.

പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്ന് ഉണ്ടായിരുന്നില്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച, സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്.

## 1-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പു പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 907 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 120 പ്രോജക്ടുകളിൽ 103 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 28412 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 665 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, തോട് ആഴം കൂട്ടൽ എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. കാനറാബാങ്ക് ശാഖയിലെ 43569090 അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 16,829 | 4,56,200 | 4,56,200 | 3,90,500 | 18,060 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 1,01,28,643 | 1,01,45,472 | 1,01,93,112 | |
| ആകെ | 16,829 | 1,05,84,843 | 1,06,01,672 | 1,05,83,612 | 18,060 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 29,160 | 49 |
| കർഷകതൊഴിലാളി പെൻഷൻ | 49,96,200 | 435 |
| വിധവാപെൻഷൻ | 1,16,50,000 | 1006 |
| വാർദ്ധക്യകാലപെൻഷൻ | 2,83,69,600 | 2305 |
| വികലാംഗപെൻഷൻ | 33,71,800 | 314 |

### 1-9 ക്യാഷ് വെരിഫിക്കേഷൻ

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.11.2018 തീയതിയിൽ 3:35 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 24,291 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണസംവിധാനത്തിന്റെ കാര്യക്ഷമത സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രധാന ഘടകം ആണ്. മാടപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ കുറേക്കൂടി ജാഗ്രത പുലർത്തേണ്ടതുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതി ഉദ്യോഗസ്ഥ തലങ്ങളിലും പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണിത്. നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി&ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു
- വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.
- കെട്ടിട നിർമ്മാണവും വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകളുടെ ക്രമീകരണത്തിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

<u>സാമ്പത്തിക ഇടപാടുകൾ</u>

- വരവുചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നില്ല.
- വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.
- വാടകയിനത്തിൽ കുടിശ്ശിക നില നിൽക്കുന്നുണ്ട്. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായിസ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
- ഡിമാൻഡ് കളക്ഷൻ ബാലൻസ് പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല
- നികുതി പിരിവിനെ സംബന്ധിച്ച് യാതൊരുവിധ ട്രെൻഡ് അനാലിസിസ് പഞ്ചായത്ത് നടത്തുന്നില്ല സ്റ്റോർ പർച്ചേസ് മാനുവലിലെ നിർദേശങ്ങൾ പാലിക്കുന്നില്ല

<u>പദ്ധതി രൂപീകരണവും നടത്തിപ്പും</u>

- വിവിധ ഫണ്ടുകളുടെ വിന്യാസം ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധയുണ്ടാകേണ്ടതാണ്.
- ആസൂത്രണസമിതി വർക്കിംഗ് ഗ്രൂപ്പിന്റെ രൂപീകരണ, വികസന സെമിനാർ, വാർഷിക പദ്ധതി അംഗീകാരം എന്നീ നടപടിക്രമങ്ങളിൽ മാർഗരേഖ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല.
- കർമ്മപദ്ധതി തയ്യാറാക്കിയിയിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല.
- വിവിധ സ്റ്റാൻഡിങ് കമ്മിറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് ഓഡിറ്റിന് ഹാജരാക്കിയില്ല.
- സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകതകൾ പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.

- ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഓരോ മാസവും യോഗം ചേരുന്നുണ്ടെങ്കിലും ബഡ്ജറ്റ് - ചെലവ് എന്നിവ താരതമ്യം നടത്തി ചെലവ് നിയന്ത്രിക്കുന്നതിനുള്ള യാതൊരുവിധ നടപടിയും സ്വീകരിക്കുന്നില്ല.
- പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പായി പദ്ധതി അടങ്കൽ, വകയിരുത്തലുകൾ എന്നിവ സംബന്ധിച്ച ശുപാർശ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ഭരണസമിതിക്ക് നൽകേണ്ടതാണ്. അപ്രകാരം ഒരു ശുപാർശയും സ്റ്റാൻഡിംഗ് കമ്മിറ്റി നൽകിയിട്ടില്ല
- പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ രേഖകൾ എന്നിവ ശരിയായി പരിപാലിക്കുന്നുണ്ടോ എന്ന വിവരം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശ്രദ്ധിക്കുന്നില്ല
- പഞ്ചായത്തിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ട ചുമതല ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിക്കാണ്. എന്നാൽ ആയത് വേണ്ടവിധത്തിൽ നടപ്പിലാക്കുന്നില്ല. ഉദാഹരണം പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ഇൻഫർമേഷൻ കിയോസ്ക് ശരിയായി പ്രവർത്തിക്കുന്നില്ല. അത് ശരിയായി പ്രവർത്തിപ്പിച്ച് പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

**പൊതുഭരണം**

29.01.15ലെ ജി.ഒ.എം.എസ്.18/2015 ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പൊതുജനങ്ങൽക്ക് ഉപയോഗപ്രദമായരീതിയിൽ ഓഫീസ് ക്രമീകരിക്കുകയും, പരാതികൾക്ക് ഇടനൽകാതെ സേവന കൗണ്ടർ പ്രവർത്തിക്കുകയും ചെയ്ത് വരുന്നു.

**സേവന ഉപനികുതി ചുമത്തുന്നില്ല**

ജലവിതരണം, തെരുവ് വിളക്ക് പരിപാലനം എന്നീ സേവനങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്തിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 200(2) വകുപ്പ് പ്രകാരം പഞ്ചായത്ത് ഏർപ്പെടുത്തുന്ന സേവനങ്ങൾക്ക് സേവനഉപനികുതി ചുമത്താവുന്നതാണ്. ജലവിതരണത്തിന് വസ്തുനികുതിയുടെ 3%ൽ കുറയാത്ത തുകയും തെരുവ് വിളക്കിന് 2% ൽ കുറയാത്ത തുകയും സേവനഉപനികുതിയായി ചുമത്താവുന്നതാണ്. തനത് വരുമാന വർദ്ധനവിനായി പുതിയ വരുമാന സ്രോതസ്സ് കണ്ടെത്തി പരമാവധി വിഭവ സമാഹരണം നടത്തുന്നതിനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ ചർച്ച ചെയ്യപ്പെടുന്നില്ല**

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)-പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കുന്നില്ല എന്ന് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. തുടർവർഷങ്ങളിൽ മേൽസൂചിത ചട്ടംപാലിച്ച് ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വയ്ക്കേണ്ടതാണ്.

**ആസ്തിരജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല**

13.1.2010 ലെ സർക്കുലർ നമ്പർ 58608 / ഡി.ബി 2/2009 ത.സ്വ.ഭവ പ്രകാരം ആസ്തിരജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയാണെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി അത് വാർഷികധനകാര്യപത്രികയുടെ ഭാഗം ആക്കേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ്നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാർ നിർദ്ദേശ പ്രകാരമല്ല എന്ന് വ്യക്തമായി. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്റുകൾ നാളിതുവരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.04.2018 | 02/18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.01.2017-07.02.2017 | 2011-12 to 2015-16 | LBQ(HQ)/2 /BA-2564 |

| | | | |
|---|---|---|---|
| | | | /16-17/458<br>14.03.2017 |

1-12 വാർഷികകണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വസ്തുനികുതി - വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള വരവ് ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. B-15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയുടെ വിവിധ ഹെഡിൽ ആകെ ബാലൻസ് 5046152/- രൂപയാണ്. ആയതിന്റെ ലൈബ്രറി സെസ്സ് ആയി വരേണ്ടത് 2,40,292/- രൂപയാണ് (5046152x5/105). എന്നാൽ B-15 ഷെഡ്യൂളിൽ 431910101 ഹെഡിൽ liability ആയി കാണിച്ചിരിക്കുന്നത് 2,52,936/- രൂപയാണ്. ഇപ്രകാരം ലൈബ്രറി സെസ്സ് 12,644/- രൂപ കൂടുതൽ സെസ്സ് ബാദ്ധ്യതയായി കാണിച്ചിരിക്കുന്നു. (ലൈബ്രറി സെസ്സിലെ വർദ്ധനവ് സ്വീകരിക്കുകയാണെങ്കിൽ ആനുപാതികമായി വസ്തുനികുതി ഡിമാന്റിൽ കുറവു വന്നതായി അനുമാനിക്കാം).

3.Interest from investment ഇനത്തിൽ തൻവർഷം 8,40,692/- രൂപ വരവുണ്ടെങ്കിലും ആയത് റെസീറ്റ് & പേയ്മെന്റ് ഷെഡ്യൂളിൽ ഹെഡ് 1-ൽ വരവും ഹെഡ് 4-ൽ ചെലവും ആയി ഉൾപ്പെടുത്തിയിട്ടില്ല.

3.വിവിധ അക്കൗണ്ടുകളിൽ നിന്നും നൽകിയിട്ടുള്ളതും കാലഹരണപ്പെട്ടതുമായ 12,546/- രൂപയുടെ താഴെപ്പറയുന്ന ചെക്കുകൾ 31.03.18-ൽ പണമാക്കാത്ത ചെക്കുകളായിട്ട് പൊരുത്തപ്പെടുത്തൽ പത്രികയിൽ ചേർത്തിട്ടുള്ളതെങ്കിലും ആയത് 350800101-liability in respect of stale cheque എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

| | ബാങ്ക് | ചെക്ക് നം./തീയതി | തുക |
|---|---|---|---|
| 1. | മാടപ്പള്ളി കോ-ഓപ്പറേറ്റീവ് ബാങ്ക് | 442733/13.12.17 | 3,000 |
| 2. | ,, | 435334/10.07.17 | 3,696 |
| 3. | ,, | 334645/22.07.16 | 500 |
| 4. | ,, | 330972/25.08.15 | 900 |
| 5. | ,, | 327313/03.12.14 | 700 |
| 6. | കാനറാ ബാങ്ക് (MGNREGA) | 404102/27.12.16 | 750 |
| 7. | എസ്.ബി.ടി. | 441698/08.10.15 | 3000 |
| | ആകെ | | 12,546 |

5.തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6.സ.ഉ.(എം.എസ്)152/09/തസ്വഭവ/01.08.09 പ്രകാരം ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

7.ബി-9 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1-1 അനധികൃതമായി പണിതീർത്ത കെട്ടിടം നിയമപ്രകാരമല്ലാതെ ഉപയോഗക്രമം മാറ്റി നികുതി നിർണ്ണയം നടത്തി

ശ്രീ.റ്റോബിൻ ജോസഫ് വടക്കേടം എന്നയാൾ തന്റെ ഉടമസ്ഥതയിൽ ഗ്രാമ പഞ്ചായത്തിലെ വാർഡ് 1Xൽ 179 A നമ്പറായി വാസഗൃഹത്തിന്റെ ഉപയോഗക്രമത്തിന് നികുതി നിർണ്ണയം നടത്തിയിരുന്ന കെട്ടിടം രൂപ മാറ്റം വരുത്തി ടി കെട്ടിടത്തിന് ഒന്നാം നിലയും ഔട്ട് ഹൗസും സ്വിമ്മിംഗ് പൂൾ ഉൾപ്പെടെ നിർമ്മാണം നടത്തിയതിന് ശേഷം റെഗുലറൈസേഷനായി ഗ്രാമ പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചു. അപേക്ഷ പ്രകാരം 236.54ച.മീറ്റർ വിസ്തീർണ്ണം ഉണ്ടായിരുന്ന പഴയ കെട്ടിടത്തിൽ 38.76ച.മീറ്റർ കൂട്ടിച്ചേർക്കുകയും, ഒന്നാം നില 210.49ച.മീറ്റർ പുതുതായി നിർമ്മിക്കുകയും ചെയ്തു. ഇതോടൊപ്പം 48.5ച.മീറ്റർ വിസ്തീർണ്ണമുള്ള മറ്റൊരു കെട്ടിടവും (ഔട്ട് ഹൗസ്) നിർമ്മിച്ചതായി അപേക്ഷയിൽ വ്യക്തമാക്കിയിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.06.2013 ലെ 32131/ആർ.എ1/2012/ തസ്വഭവ നം ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷയും പ്ലാനും പഞ്ചായത്തിലെ സാങ്കേതിക വിദഗ്ധർ പരിശോധന നടത്തിയതിന് ശേഷം നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രമാണ് സെക്രട്ടറി പെർമിറ്റ് അനുവദിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഒരു ക്രമവത്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ തന്നെയായിരിക്കേണ്ടതാണ്. ക്രമവത്കരണത്തിന്റെ അപേക്ഷ തീർപ്പാക്കുന്നതിന് പെർമിറ്റിന്റെ എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടിയിരുന്നു. എന്നാൽ കെട്ടിട ഉടമ നൽകിയ അപേക്ഷ

സ്വീകരിച്ച സെക്രട്ടറി അപേക്ഷ പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന് കൈമാറാതെ കെട്ടിട നിർമ്മാണം ക്രമവത്കരിച്ച് വാസഗൃഹത്തിന്റെ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയം നടത്തി കെട്ടിടനമ്പർ അനുവദിച്ചു. അപേക്ഷ സംബന്ധിച്ച് സ്ഥലത്ത് പോയി പരിശോധന നടത്തിയ സീനിയർ ക്ലാർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്തുത കെട്ടിടം ഹോംസ്റ്റേ ആവശ്യത്തിന് ഉപയോഗിച്ചുവരുന്നു എന്ന് വ്യക്തമാക്കിയിരുന്നു. ഇത് പരിഗണിക്കാതെയാണ് കെട്ടിടത്തിന് വാസഗൃഹത്തിന്റെ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയം നടത്തിയത്. തൻമൂലം പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം 219 ച.മീറ്റർ വിസ്തീർണ്ണമുള്ള താഴത്തെ നിലയ്ക്ക് 179-A എന്നും, 210.49 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒന്നാം നിലയ്ക്ക് 179-B, എന്നും നമ്പർ നൽകിയതായി വ്യക്തമാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷം ഹോം സ്റ്റേ നടത്തുന്നതിന് സ്ഥാപനത്തിന് ലൈസൻസ് ( A6-4467/18/ 19.7.18) അനുവദിച്ചിട്ടുണ്ട്. 48.5ച.മീറ്റർ വിസ്തീർണ്ണമുള്ള ഔട്ട് ഹൗസ് നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടില്ല. മാത്രമല്ല പ്രസ്തുത കെട്ടിടത്തോടൊപ്പം നിർമ്മിച്ചിട്ടുള്ള സ്വിമ്മിംഗ് പൂൾ നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളിൽ ചട്ടം 3 (3) പ്രകാരം ഒരു കെട്ടിടത്തോടനുബന്ധിച്ച് ഒരു സ്വിമ്മിംഗ് പൂൾ ഉണ്ട് എങ്കിൽ അതിന്റെ വിസ്തീർണ്ണം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് വ്യക്തമാക്കുന്നു. 28.11.2018ൽ പഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽ പ്രസ്താവിച്ച വിവരങ്ങൾ നേരിൽ കാണുകയും കെട്ടിടത്തിൽ റിസോർട്ട് നടത്തിവരുന്നതായും, ഇതോടനുബന്ധിച്ച് കോൺഫ്രൻസ് ഹാൾ, സ്വിമ്മിംഗ് പൂൾ എന്നിവ നിർമ്മിച്ചിട്ടുള്ളതും ബോദ്ധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ 28.11.18ൽ നൽകിയ 11-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് സ്ഥാപന ഉടമയ്ക്ക് നോട്ടീസ് നൽകി അപാകത പരിഹരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. റിസോർട്ടുകൾ എന്ന ഉപയോഗക്രമത്തിന് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച നിരക്കായ ച.മീറ്ററിന് 90 രൂപ നിരക്കിൽ നികുതിനിർണ്ണയം നടത്തിയാൽ ലഭിക്കേണ്ട നികുതി താഴെ പറയുന്നു.

| കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ | ച.മീറ്ററിന് 90 രൂപ നിരക്കിൽ നിർണ്ണയിക്കാവുന്ന തുക | 20% വർദ്ധനവ് | ആകെ | ച.മീറ്ററിന് 7 രൂപ നിരക്കിൽ നിർണ്ണയിച്ച തുക | കുറവ് |
|---|---|---|---|---|---|
| താഴത്തെ നില 275.3 ച.മീറ്റർ | 24,777 | 4,955 | 29,732 | 1,840 | 27,892 |
| താഴത്തെ നില നില 48.5ച.മീറ്റർ ഔട്ട് ഹൗസ് | 4,365 | 873 | 5,238 | നികുതി ഒഴിവാക്കി നൽകി | 5,238 |
| ഒന്നാം നില 210.49 ച.മീറ്റർ | 18,944 | 3,789 | നിലയുടെ അടിസ്ഥാനത്തിലുള്ള 5%കുറവ് വരുത്തി (947) 21786(18944+3789-947) | 1,769 | 20,017 |
| **ആകെ** | | | | | **53,147** |

കെട്ടിടത്തോടൊപ്പം നിർമ്മിച്ചിട്ടുള്ള സ്വിമ്മിംഗ് പൂൾ, കോൺഫറൻസ് ഹാൾ എന്നിവയ്ക്ക് കൂടി നികുതി നിർണ്ണയം നടത്തുമ്പോൾ നികുതി നഷ്ടം ഇനിയും വർദ്ധിക്കും. വസ്തു നികുതി സംബന്ധിച്ച ഏതൊരു നഷ്ടവും തുടർ വർഷങ്ങളിലും ആവർത്തിക്കും എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു.
കൂടാതെ സ്വിമ്മിംഗ് പൂൾ, കോൺഫറൻസ് ഹാൾ എന്നിവ കൂടി ഉൾപ്പെടുത്തി നികുതി പുനഃനിർണ്ണയിച്ച് കുറവ് വന്ന തുക ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്. കൃത്യമായ റെഗുലറൈസേഷൻ നടത്തി പ്രസ്തുത തുകയും ഈടാക്കേണ്ടതാണ്.

## 2-1-2 വസ്തു നികുതി നിർണ്ണയം- അപാകത സംബന്ധിച്ച്

സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ 20 വാർഡുകളിലായി ആകെ 10653 കെട്ടിടങ്ങളാണുള്ളത്. ഇതിൽ 10640 കെട്ടിടങ്ങളുടെ നികുതി നിർണ്ണയം അംഗീകരിച്ചിട്ടുണ്ട്. 13 കെട്ടിടങ്ങളുടെ നികുതി നിർണ്ണയം അംഗീകരിക്കുവാൻ ശേഷിക്കുന്നു. വസ്തു നികുതി സംബന്ധിച്ച പരിശോധനയിൽ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ ചെയ്യാതിരുന്നതിനാൽ ഗുരുതരമായ അപാകതകൾ സംഭവിച്ചിട്ടുള്ളതായി വ്യക്തമായി. കെട്ടിടങ്ങൾ സംബന്ധിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ കെട്ടിട ഉടമയ്ക്ക് നൽകിയിട്ടുള്ള കെട്ടിട നമ്പരുമായി പൊരുത്തപ്പെടുന്നില്ല. തൻമൂലം കെട്ടിട നികുതി ഒടുക്കുന്നതിനായി ഉടമസ്ഥർ പഞ്ചായത്തിൽ എത്തുമ്പോൾ നികുതി സ്വീകരിക്കുന്നതിന് സാധിക്കാതെ വരുന്നു. മാത്രമല്ല ഗ്രാമ പഞ്ചായത്തിലെ 20 വാർഡുകളിലുള്ള എല്ലാ കെട്ടിടങ്ങളും ഉൾപ്പെട്ടിട്ടില്ല എന്ന് എക്സിറ്റ് മീറ്റിംഗിൽ ജനപ്രതിനിധികൾ വ്യക്തമാക്കുകയുണ്ടായി. വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 2011ലെ കേരള

പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ ചട്ടം 10 ഉപചട്ടം (2) പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിച്ച നോട്ടീസിൽ ആവശ്യപ്പെട്ടിരുന്ന സമയപരിധിയ്ക്കകം കെട്ടിട ഉടമ തന്റെ കെട്ടിടത്തെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും അടങ്ങിയ സത്യവാങ്മൂലം ഫോറം (2) ൽ സമർപ്പിക്കേണ്ടതും ഇപ്രകാരം കെട്ടിട ഉടമ ഫോറം (2) ൽ സമർപ്പിക്കുന്ന റിട്ടേൺ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ കെട്ടിട ഉടമയ്ക്ക് നമ്പറിട്ട ഒരു കൈപ്പറ്റ് രസീത് നൽകേണ്ടതും, കൈപ്പറ്റിയ റിട്ടേണുകളുടെ വിവരം വാർഡ് അടിസ്ഥാനത്തിലുള്ളതും കെട്ടിട നമ്പറുകൾ മുൻകൂട്ടി രേഖപ്പെടുത്തിയിട്ടുള്ളതുമായ വസ്തു നികുതി റിട്ടേൺ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. കെട്ടിട ഉടമ 11-ാം ചട്ടം (1)ാം ഉപചട്ടപ്രകാരം വസ്തു നികുതി റിട്ടേൺ സമർപ്പിക്കുന്ന സംഗതിയിൽ 12 ാം ചട്ടം (4) ഉപചട്ടം അനുസരിച്ചും നികുതി റിട്ടേൺ സമർപ്പിക്കാത്ത സംഗതിയിൽ 12-ാം ചട്ടം (6) ഉപചട്ടം അനുസരിച്ചും കെട്ടിടത്തിന്റെ വസ്തു നികുതി 5ഉം 6ഉം 9 ഉം ചട്ടങ്ങളിലുള്ള വ്യവസ്ഥകൾക്കും വിധേയമായി നിർണ്ണയിക്കേണ്ടതും കെട്ടിടത്തെ സംബന്ധിക്കുന്ന വിവരങ്ങളും വസ്തു നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങളും മേൽ ചട്ടങ്ങൾക്കനുബന്ധമായി ചേർത്തിട്ടുള്ള ഫോറം 4ൽ ഉള്ള വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ രജിസ്റ്റർ ഗ്രാമ പഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിൽ ഉള്ളതും കെട്ടിട നമ്പറുകൾ മുൻകൂട്ടി രേഖപ്പെടുത്തിയിട്ടുള്ളതുമായിരിക്കേണ്ടതാണ്. എന്നാൽ മേൽ പ്രസ്താവിച്ചതും ചട്ടപ്രകാരമുള്ളതുമായ നടപടികൾ സ്വീകരിക്കാതെ ഉടമസ്ഥർ ലഭ്യമാക്കിയ ഫോറത്തിൽ നിന്നും നേരിട്ട് ഡാറ്റാ എൻട്രി നടത്തുകയാണ് ചെയ്തിട്ടുള്ളത്. തൻമൂലം സംഭവിച്ചിട്ടുള്ള തെറ്റുകൾ പരിശോധിക്കുന്നതിനോ, പിശകുകൾ തിരുത്തുന്നതിനോ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. വീണ്ടും ഫീൽഡുതല പരിശോധന നടത്താതെ അപാകതകൾ പരിഹരിക്കുന്നതിന് സാധിക്കുകയില്ല. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>സഞ്ചയ സോഫ്റ്റ്‌വെയറിലെ കെട്ടിട ഉടമയ്ക്ക് അപ്രകാരമുള്ള കെട്ടിടം ഇല്ല</u>**

ഗ്രാമ പഞ്ചായത്തിലെ വാർഡ് 9 ൽ 22-ാം നമ്പർ കെട്ടിടം ബിന്ദു ടോമി മറ്റത്തിൽ എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ളതും നികുതി ഒഴിവാക്കപ്പെട്ട കെട്ടിടമായി സഞ്ചയയിൽ ഉൾപ്പെടുത്തിയതുമാണ്. 29.11.18 ൽ ഗ്രാമ പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ മേൽ പ്രസ്താവിച്ച കെട്ടിടം ബിന്ദു ടോമി മറ്റത്തിൽ എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ളതല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ വാർഡ് 20 ൽ സെന്റ് ആന്റണീസ് പള്ളി വികാരി താമസിയ്ക്കുന്ന കെട്ടിടത്തിൽ XX/268 എന്ന നമ്പർ പതിപ്പിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം XX/268 കെട്ടിടം എം.ജെ.ജോൺ മുക്കാട്ടുകുന്നേൽ എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ളതാണ്.

**<u>ആരാധനാലയം എന്ന നിലയിൽ 81 കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്</u>**

ഗ്രാമപഞ്ചായത്തിൽ 81 ആരാധനാലയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിലെ വാർഡ് 20 ൽ സെന്റ് ആന്റണീസ് ചർച്ചിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ XX/267, XX/274, XX/272, XX/270 എന്നിവയാണ്. പ്രസ്തുത വിവരങ്ങൾ പരിശോധിക്കുന്നതിനായി 27.11.18 ൽ ഗ്രാമ പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ XX/ 267 നമ്പർ കെട്ടിടം ആരാധനാലയമാണെന്ന് കണ്ടു. മറ്റ് മൂന്ന് കെട്ടിടങ്ങളും നമ്പർ പതിപ്പിച്ചിട്ടില്ലാത്തതിനാൽ തിരിച്ചറിയുന്നതിന് സാധിച്ചില്ല. പള്ളി വികാരി താമസ്സിക്കുന്നകെട്ടിടത്തിൽ XX/268 എന്ന നമ്പർ പതിപ്പിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം XX/268 കെട്ടിടം എം.ജെ.ജോൺ മുക്കാട്ടുകുന്നേൽ എന്നയാളുടെ ഉടമസ്ഥതയിൽ ഉള്ളതാണ്. നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളേക്കാൾ വിസ്തീർണ്ണമുള്ളതും പാരിഷ് ഹാൾ എന്ന നിലയിൽ ഉപയോഗിക്കുന്നതുമായ കെട്ടിടം നികുതി നിർണ്ണയത്തിൽ ഉൾപ്പെട്ടിട്ടില്ല എന്ന് വ്യക്തമാകുന്നു.

**<u>വസ്തു നികുതി കുടിശ്ശികയിൽ വൻ വർദ്ധനവ്</u>**

31.03.18 ലെ ബാലൻസ് ഷീറ്റ് (B-15) പ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക 34,59,315 രൂപയും, വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക 15,86,837 രൂപയും ഉൾപ്പടെ ആകെ 50,46,152 രൂപയായിരുന്നു 24.11.18 ലെ ബാലൻസ് ഷീറ്റ് (B-15) പ്രകാരം റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക 55,20,041 രൂപയും, വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക 30,82,830 രൂപയും ഉൾപ്പടെ ആകെ 86,02,871 രൂപയായി വർദ്ധിച്ചു. നികുതി കുടിശ്ശിക ഇത്തരത്തിൽ വർദ്ധിക്കാൻ സഞ്ചയ സോഫ്റ്റ്‌വെയറിൽ കടന്നുകൂടിയ അപാകതകളും കാരണമായിട്ടുണ്ട്.

**<u>ബാങ്ക് ഉടമസ്ഥതയിലുള്ള കെട്ടിടം യഥാർത്ഥ ഉപയോഗക്രമം മാറ്റി നികുതി നിർണ്ണയം നടത്തി</u>**

2017-18 സാമ്പത്തിക വർഷം നികുതി നിർണ്ണയം നടത്തിയ നാലുന്നാക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള വാർഡ് XV111ൽ 105-B, 105-C, 105-D, എന്നീ കെട്ടിടങ്ങൾ ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ആയതിന് ബാധകമായ നിരക്കിലാണ് (ച.മീറ്ററിന് 45രൂപ) വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. 2011ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാമാണ ചട്ടങ്ങളിലെ റൂൾ 34 കെട്ടിടങ്ങളുടെ വിനിയോഗം സംബന്ധിച്ച് വിശദീകരിക്കുന്നു. പ്രസ്തുത നിയമത്തിലെ രണ്ടാം ഉപ ചട്ടപ്രകാരം നിലവിലുള്ളതോ പിന്നീട് നിർമ്മാണം നടത്താനുള്ളതോ ആയ എല്ലാ കെട്ടിടങ്ങളും അവയുടെ ഉപയോഗക്രമം അല്ലെങ്കിൽ വിനിയോഗസ്വഭാവം അനുസരിച്ച് പല വിഭാഗത്തിലായി തരം തിരിച്ച് ഇവയിൽ ഏതെങ്കിലും ഒന്നായി തരം തിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം തരം തിരിച്ചിട്ടുള്ളതിൽ കാറ്റഗറി ഇ- ഓഫീസ്/വ്യാപാരം, കാറ്റഗറി എഫ്- കച്ചവടം/ വാണിജ്യം എന്നിവ ഉൾപ്പെട്ടിട്ടുള്ളതാണ് കാറ്റഗറി എഫ്- സംബന്ധിക്കുന്ന വിശദീകരണക്കുറിപ്പിൽ ബാങ്കിംഗ് ധനകാര്യ സ്ഥാപനങ്ങൾ ഈ കാറ്റഗറിയിൽ ഉൾപ്പെടുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല

പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ 27.11.2018ൽ നടത്തിയ പ്രദേശിക പരിശോധനയിൽ ബാങ്കിന്റെ കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടുള്ളതായി കണ്ടു. കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുന:നിർണ്ണയിക്കേണ്ടതാണ്.

**<u>പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ നടത്തുന്നു</u>**

2017-18 സാമ്പത്തിക വർഷം ഡി&ഒ ട്രേഡ് ലൈസൻസിനായി ലഭിച്ച അപേക്ഷകളിൽ വിവിധ കാരണങ്ങളാൽ അപേക്ഷ നിരസിച്ച് കത്ത് നൽകിയിട്ടുണ്ട്. പല അപേക്ഷകളിലും സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയിട്ടുള്ളതിനാലാണ് ലൈസൻസ് അനുവദിയ്ക്കാത്തത് എന്ന് കാണുന്നു.
മേൽ പ്രസ്താവിച്ച വിവിധ ഖണ്ഡികകളിലെ അപാകതകൾ നിലനിൽക്കുന്നതിനാൽ വസ്തു നികുതി ഇനത്തിൽ വലിയതോതിൽ നഷ്ടം സംഭവിക്കുന്നു. മാത്രമല്ല സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡേറ്റാ എൻട്രി നടത്തിയപ്പോഴുള്ള അപാകതമൂലം നികുതി പിരിച്ചെടുക്കുന്നതിന് സാധിക്കാതെയും വരുന്നു. അപാകത പരിഹരിക്കുന്നതിന് അടിയന്തിര ഇടപെടലുകൾ പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്തുനിന്നും വിശിഷ്യാ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

### 2-2-1 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2017-18 വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണമല്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രജിസ്റ്ററിലെ ക്രമ നമ്പർ | അർദ്ധവർഷം |
|---|---|---|---|
| 1 | ബ്രാഞ്ച് മാനേജർ | 7 | രണ്ട് |
| 2 | സെക്രട്ടറി | 8 | “ |
| 3 | മാനേജർ | 9 | “ |
| 4 | ഗുഡ് ഷെപ്പേഡ് പബ്ലിക് സ്കൂൾ | | “ |
| 5 | ഡയറക്ടർ | 17 | “ |
| 6 | ഫെഡറൽ ബാങ്ക് | | “ |
| 7 | മിനി മുത്തൂറ്റ് നിധി | | “ |
| | എസ്റ്റീം റബ്ബർ | | “ |
| 8 | ചങ്ങനാശ്ശേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് | | “ |
| 9 | കൊശമറ്റം എം.കെ.സി ഫിനാൻസിയേഴ്സ് | | “ |
| 10 | പ്രൊപ്പൈറ്റർ | 24 | “ |
| 11 | ബ്രാഞ്ച് മാനേജർ | 25 | “ |
| 12 | പയ്യമ്പള്ളിൽ നഴ്സിങ് ഹോം | | “ |
| 13 | മാവേലി സ്റ്റോർ | 30 | “ |
| 14 | മണപ്പുറം ഫിനാൻസ് | | “ |
| 15 | തെങ്ങണ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ | | “ |
| 16 | എസ്റ്റീം പ്ലൈവുഡ് ഇൻഡസ്ട്രീസ് | | “ |
| 17 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | | “ |
| 18 | മാനേജർ | 35 | ഒന്ന് |
| 19 | ഫെഡറൽ ബാങ്ക്, തെങ്ങണ | | “ |
| 20 | മെഡിക്കൽ ഓഫീസർ | 37 | “ |
| 21 | മാനേജർ | 38 | “ |
| 22 | എം.സി ബ്രിക്സ് & ടൈൽസ് | | “ |
| 23 | മാനേജർ | 40 | “ |
| 24 | സിൽവർ ബ്ലെയ്സ് ഡിസൈൻസ് | | “ |
| 25 | നാലുന്നാക്കൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | | “ |
| 26 | മാവേലി സ്റ്റോർ | 43 | “ |
| 27 | ഫ്രെഷ് ലൈഫ് സൂപ്പർ മാർക്കറ്റ് | | “ |
| 28 | ജില്ലാ സഹകരണ ബാങ്ക് | 45 | “ |
| 29 | ഈസാഫ് ബാങ്ക് | | “ |

| | | | |
|---|---|---|---|
| 30 | മുത്തൂറ്റ് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്, തെങ്ങണ | | ഒന്നും രണ്ടും |
| 31 | കൊശമറ്റം എം.കെ.സി ഫിനാൻസ്, തെങ്ങണ | | ഒന്ന് |
| 32 | ഇന്റിമേറ്റ് ഓട്ടോമൊബൈൽസ് | | " |
| 33 | ചങ്ങനാശ്ശേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്, മാമ്മൂട് | | " |
| 34 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, തെങ്ങണ | | " |

സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17) സ്ഥാപനങ്ങളുടെ വിവരങ്ങളിൽ വ്യക്തത വരുത്തുന്നതാണെന്നും ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ ഈടാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-2-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. 2017-18 വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കൃഷി ഓഫീസ്, മാടപ്പള്ളി | I |
| 2 | ഈസാഫ് മൈക്രോഫിനാൻസ് & ഇൻവെസ്റ്റ്മെന്റ് | 1& 2 |
| 3 | ലക്കി റബ്ബേഴ്സ് | " |
| 4 | അമ്പാടി ഫ്യുവൽസ് | " |
| 5 | കിങ്ങ് ബേക്കേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മാടപ്പള്ളി | " |
| 6 | സീന ഹോട്ടൽ, തെങ്ങണ | " |
| 7 | മിനി മുത്തൂറ്റ് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് | " |
| 8 | ഗാലന്റ് പ്ലാസ്റ്റിക്സ് | 1 |
| 9 | ഭാരത് ഗ്യാസ് ഏജൻസീസ് | 1& 2 |
| 10 | എക്സ്റ്റോൾ റബ്ബേഴ്സ് | " |
| 11 | ക്വാളിറ്റി കൺട്രോൾ ലാബ് | " |
| 12 | ജെം റബ്ബർ ഇൻഡസ്ട്രീസ് | " |
| 13 | വിസ റബ്ബർ ഇൻഡസ്ട്രീസ് | " |
| 14 | ഇന്റിമേറ്റ് ഓട്ടോമൊബൈൽസ് | " |
| 15 | പ്ലാമ്മൂട്ടിൽ റബ്ബേഴ്സ് | " |

2.ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ, അങ്കണവാടികൾ മുതലായവയിലെ ജീവനക്കാർ അംഗീകൃത കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.19) മറുപടിയിൽ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3-1 ഡി&ഒ ട്രേഡ് ലൈസൻസ് പരിഷ്കരിച്ച ചട്ടം നടപ്പാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾക്ക് 31.10.2017 - ലെ G.O.(P) No.80/2017/LSGD നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി വരുത്തിയിരുന്നു. ഇത് പ്രകാരം 01.11.2017 പ്രാബല്യത്തിൽ പുതുക്കിയ ചട്ടം നിലവിൽ വന്നു. ഇതനുസരിച്ച് 01.11.2017 മുതൽ നൽകുന്ന ലൈസൻസ് പുതുക്കിയ ചട്ടപ്രകാരം ആയിരിക്കേണ്ടിയിരുന്നു. എന്നാൽ 2018-19 വർഷത്തേക്കുള്ള അഡ്വാൻസ് ലൈസൻസ് നൽകിയിട്ടുള്ളത് പോലും 1996 ലെ ചട്ടപ്രകാരമാണ്. പുതുക്കിയ ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് നിർദ്ദേശം നൽകുകയോ പ്രസ്തുത ചട്ടം പഞ്ചായത്ത് കമ്മറ്റിയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് വേളയിലും ലൈസൻസ് നൽകിയിരുന്നത് പഴയ ചട്ടപ്രകാരമായിരുന്നു.

2017-18 സാമ്പത്തിക വർഷം 528 സ്ഥാപനങ്ങളാണ് ലൈസൻസിനായി അപേക്ഷ സമർപ്പിച്ചത്. സഞ്ചയ

സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം വാണിജ്യ കെട്ടിടങ്ങൾ എന്ന നിലയിൽ 1681 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. ഇതിൽ നിന്നും ലൈസൻസ് നേടാതെ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാകുന്നു. അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-3-2 ഡി&ഒ ട്രേഡ് ലൈസൻസ് ഫീസ് കുറവായി ഈടാക്കി

2017-18 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് നൽകിയ പല സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കിയതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര്/ വ്യാപാരത്തിന്റെ സ്വഭാവം | അപേക്ഷ പ്രകാരം വിറ്റുവരവ് | ഈടാക്കിയ ഫീസ് | രസീത് നമ്പർ/തീയതി | വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|
| ഷാജി സെബാസ്റ്റ്യൻ, ഇംപോർട്ട്സ് & എക്സ്പോർട്ട്സ് പിവിസി റെസിൻ& കാൽസ്യം | 1,00,000 | 1,000 | 11701010343344/5.6.17 | 2,000 | 1,000 |
| തോമസ്സുകുട്ടി വർഗീസ്, തൂമ്പുങ്കൽ ഹാർഡ്‌വെയേഴ്സ് | 1,00,000 | 1,000 | 117010102449/11.8.17 | 2,000 | 1,000 |
| എം.ഡി.ജോൺ, റിനോൺ പ്ലാസ്റ്റിക്സ് | 50,000 | 500 | 11701010627/24.2.18 | 1,000 | 500 |
| എം.ഡി.ജോൺ, ഗാലന്റ് പ്ലാസ്റ്റിക്സ് | 80,000 | 500 | 117010106572/5.3.18 | 2,000 | 1,500 |
| ആകെ കുറവ് | | | | | 4,000/- |

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/2018) കുറവ് വന്ന തുക ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. കുറവ് വന്ന ലൈസൻസ് ഫീസ് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

### 2-3-3 വാസഗൃഹം എന്ന നിലയിൽ നികുതി നിർണ്ണയം നടത്തി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു-അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണം

2017-18 സാമ്പത്തിക വർഷം ഡി&ഒ ട്രേഡ് ലൈസൻസിനായി ലഭിച്ച അപേക്ഷകളിൽ വിവിധ കാരണങ്ങളാൽ അപേക്ഷ നിരസിച്ച് പഞ്ചായത്തിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പിന്നീട് അപാകത പരിഹരിച്ച് ലൈസൻസ് നൽകിയതായോ, സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തിച്ചതായോ കാണുന്നില്ല. ഇത്തരത്തിലുള്ള ചില അപേക്ഷകൾ പരിശോധിച്ചതിൽ പല അപേക്ഷകളിലും സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയിട്ടുള്ളതിനാലാണ് ലൈസൻസ് അനുവദിയ്ക്കാത്തത് എന്ന് കാണുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമസ്ഥന്റെ പേര്/അപേക്ഷകന്റെ വിവരം | വാർഡ് നമ്പർ/കെട്ടിട നമ്പർ | അപേക്ഷയിലെ വിവരങ്ങൾ |
|---|---|---|---|
| 1 | കെ.എം.ആന്റണി, കൈനിക്കര | V11- 534 | പച്ചക്കറി വിൽപന |
| 2 | മണിക്കുട്ടൻ എം.ജി. കൊരണ്ടിത്താഴം | X11-153 | സ്റ്റേഷനറി വ്യാപാരം |
| 3 | ഷീലാ സുരേഷ്, സുദർശനം | X1-224 | വസ്ത്ര നിർമ്മാണം |
| 4 | കുരുവിള കെ.സി. കണ്ണംമ്പള്ളി | XV11-657 | റബർ, കുരുമുളക് വ്യാപാരം |
| 5 | സൂരജ് സി.എസ്. ചിറയ്ക്കൽ | V11- 506 | ബാറ്ററിക്കട |
| 6 | ബിജു തോമസ്, കുഴിവേലിക്കളത്തിൽ | XV- 339 | സോഫാ നിർമ്മാണം |

| | | | |
|---|---|---|---|
| 7 | പി.ജെ.തോമസ്, പ്ലാമൂട്ടിൽ | XV-114 | ചിപ്പ്സ് നിർമ്മാണം |

മേൽ പ്രസ്താവിച്ച കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയം നടത്തിയതായിട്ടാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ കാണുന്നത്. അപേക്ഷ നിരസിച്ച സ്ഥാപനങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/28.11.18) ലഭ്യമാക്കിയ മറുപടിയിൽ അപാകത പരിഹരിച്ചിട്ടില്ല എന്നും സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായും അറിയിച്ചിട്ടുണ്ട്. അപാകത മൂലം വസ്തു നികുതി ഇനത്തിൽ കുറവും, സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ അനധികൃതമായി പ്രവർത്തിക്കുന്ന സാഹചര്യവും നിലനിൽക്കുന്നു. അപാകത അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ അടിയന്തിരമായി ഇക്കാര്യങ്ങളിൽ ഉണ്ടാകേണ്ടതാണ്.

### 2-4 കോട്ടയം റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവ് ഉണ്ടായിട്ടും പുറമ്പോക്ക് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചില്ല

മാടപ്പള്ളി വില്ലേജിൽ ബ്ലോക്ക് 11 ൽ സർവ്വേ നം.83/12, 83/6 എന്നിവയുടെ ഇടയിലൂടെ സർവ്വേ നം.83/7 ൽപ്പെട്ട ഒരു പുറമ്പോക്ക് റോഡ് ഉള്ളതായും ടി റോഡ് സെബാസ്റ്റ്യൻ പുത്തൻപറമ്പിൽ എന്നയാളും, കാരക്കാട്ട് മറ്റത്തിൽ അന്തോണി ചാക്കോ മകൻ സിബിയും ചേർന്ന് മതിൽകെട്ടി കൈവശം വച്ചതായും കാണുന്നു. താലൂക്ക് സർവ്വേയർ ടി പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തി കല്ലുകൾ സ്ഥാപിക്കുകയും തുടർന്ന് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് കോട്ടയം റവന്യു ഡിവിഷണൽ ഓഫീസറുടെ 19.5.17ലെ 2303/17 ഉത്തരവ് പ്രകാരം ആവശ്യപ്പെടുകയും ചെയ്തു. പ്രസ്തുത ഉത്തരവ് പ്രകാരം സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.26/2018ന് മറുപടി ലഭ്യമാക്കിയില്ല. തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 2-5 കെട്ടിട നിർമ്മാണ അനുമതി-അപാകതകൾ

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റ് അപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നത് എങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല. പ്രത്യേകിച്ച്, ഭാഗികമായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്കും നമ്പർ നൽകി നികുതി നിർണ്ണയിച്ച് നൽകുന്ന സംഗതികളിൽ തുടർ നിരീക്ഷണം അനിവാര്യമാണ്.

കെട്ടിട നിർമ്മാണ അപേക്ഷയുടെ ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ് നൽകൽ, നിർമ്മാണ പൂർത്തീകരണം, ഒക്യുപ്പൻസി, നികുതിനിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ നിലവിൽ പെർമിറ്റിനും നമ്പറിംഗിനും വെവ്വേറെ ഫയലുകളാണ് സൂക്ഷിച്ച് വരുന്നത്. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**അനധികൃതനിർമ്മാണം/അനുമതിയില്ലാത്ത നിർമ്മാണം നിയന്ത്രിക്കപ്പെടുന്നില്ല**

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ നിയന്ത്രണചട്ടങ്ങളുടെ നടത്തിപ്പ് ഫലപ്രദമല്ല. അനധികൃത നിർമ്മാണം കണ്ടെത്തി നിയന്ത്രിക്കുന്നതിന് ശക്തമായ ഉദ്യോഗസ്ഥ/ഭരണ സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. ഫീൽഡ് ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനത്തിലൂടെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി സ്റ്റോപ് മെമ്മോ നല്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-6 ടെൻഡർഫോം വില പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടണം

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി, 17-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. പ്രസ്തുത തുക

തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ ഫീസ് അടവാക്കിയതിന്റെ വിശദാംശങ്ങൾ **അനുബന്ധം രണ്ടായി** റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്.

## ഭാഗം -3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കരാർ ജീവനക്കാരുടെ സർവീസ് രേഖകൾ സൂക്ഷിച്ചിട്ടില്ല

മാടപ്പള്ളി പഞ്ചായത്ത് ഓഫീസിലെ കരാർ ജീവനക്കാർ ഓരോ വർഷവും അവർക്ക് അവകാശപ്പെട്ട എണ്ണം(15)ആർജിത അവധികൾ സറണ്ടർ ചെയ്യാറുണ്ട്. എന്നാൽ അവധികളെടുത്തത് സംബന്ധിച്ചോ, അവശേഷിക്കുന്ന അവധികൾ സംബന്ധിച്ചോ ഉള്ള വിശദാംശങ്ങൾ രേഖകളാക്കി സൂക്ഷിച്ചിട്ടില്ല. കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ടെക്നിക്കൽ അസിസ്റ്റന്റിന് മാത്രം സർവീസ് ബുക്ക് സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവധികളും, ശമ്പളവും സറണ്ടറും സംബന്ധിച്ച് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. എല്ലാ കരാർ ജീവനക്കാർക്കും അടിയന്തിരമായി സർവീസ് ബുക്ക് ഏർപ്പെടുത്തേണ്ടതും സർവീസ് ഹിസ്റ്ററിയും അനുബന്ധങ്ങളും രേഖപ്പെടുത്തേണ്ടതുമാണ്.

### 3-2 ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിലെ ഔദ്യോഗിക വാഹനത്തിന്റെ 17-18 വർഷത്തെ ലോഗ് ബുക്കിൽ 16.11.17 മുതലുള്ള യാത്രകളുടെ വിശദാംശങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. പരിശോധനയ്ക്ക് ഹാജരാക്കിയ മുൻ ലോഗ് ബുക്കിൽ 13.06.16 വരെയുള്ള യാത്രകളുടെ വിശദാംശങ്ങൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. ആയതിനാൽ 14.06.16 മുതൽ 15.11.17 വരെയുള്ള യാത്രകളുടെ വിശദാംശങ്ങൾ പരിശോധിക്കാൻ സാധിച്ചില്ല. ഫ്യുവൽ രജിസ്റ്റർ പ്രകാരം 2017 ഏപ്രിൽ മുതൽ നവംബർ വരെ 58,697 രൂപ വാഹനത്തിൽ ഇന്ധനം നിറയ്ക്കാൻ ചെലവഴിച്ചതായി കാണുന്നു. 14.06.16 മുതൽ 15.11.17 വരെയുള്ള യാത്രകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത കാലയളവിൽ ഇന്ധനം നിറയ്ക്കാൻ ചെലവഴിച്ച 58,697 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-3 വെള്ളക്കരം അധികം തുക അടവാക്കിയത് -ക്രമീകരിയ്ക്കാത്തത്

8/2016 -ൽ വാട്ടർ അതോറിട്ടിയുമായി സംയുക്തപരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 209 കുടിവെള്ളടാപ്പുകളുടെ എണ്ണം 187 ആയി കുറഞ്ഞിട്ടുണ്ട്. എന്നാൽ 8/2016 മുതൽ 10/2017 വരെയുള്ള 13 മാസം 209 ടാപ്പിന്റെ വെള്ളക്കരം 5,250 രൂപ നിരക്കിൽ അടവാക്കിയിട്ടുണ്ട്. ആയതിനാൽ അധികം അടവാക്കിയ തുക തിരികെ ഈടാക്കുന്നതിനോ തുടർവർഷങ്ങളിലെ അടവിൽ ക്രമീകരിയ്ക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 3-4 ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ-അപാകതകൾ

**1)**

| | |
|---|---|
| പ്രോജക്ട് നം. | 31/18 |
| പ്രോജക്ട് | 10-ാം ക്ലാസിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുതിയ സൈക്കിൾ വാങ്ങി നൽകൽ |
| അടങ്കൽ | 25,000 |
| ചെലവ് | 24,485 |
| സ്രോതസ്സ് | വികസനഫണ്ട് (എസ്.സി.പി.) |

**2)**

| | |
|---|---|
| പ്രോജക്ട് നം. | 33/18 |
| പ്രോജക്ട് | 10-ാം ക്ലാസിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥിനികൾക്ക് പുതിയ സൈക്കിൾ വാങ്ങൽ |
| അടങ്കൽ | 30,000 |
| ചെലവ് | 29,382 |
| സ്രോതസ്സ് | 27,000 - വികസനഫണ്ട്<br>2,382 - തനതുഫണ്ട് |

10-ാം ക്ലാസിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും വിദ്യാർത്ഥിനികൾക്കും പുതിയ സൈക്കിൾ വാങ്ങി നൽകുകയായിരുന്നു പ്രോജക്ടുകളുടെ ലക്ഷ്യം. ആകെ 53,867 രൂപ (24485+29382) ചെലവഴിച്ച് 11

സൈക്കിളുകൾ വാങ്ങിയിട്ടുണ്ട്. (51,485 രൂപ ബിൽ നം.6&7/11.1.2018, 2,382 രൂപ/ചെക്ക് നം.2573145/5.3.18) എന്നാൽ ഒൻപത് സൈക്കിളുകൾ മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. ശേഷിക്കുന്ന 2 സൈക്കിളുകൾ വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുന്നതിനായി 27.11.18ൽ നൽകിയ 7-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 2 സൈക്കിളുകളുടെ വിലയായ 9,794 രൂപയുടെ (4897x2) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**3)**

| | |
|---|---|
| പ്രോജക്ട് നം. | 37/18 |
| പ്രോജക്ട് | പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി കുട്ടികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ | 1,00,000 |
| ചെലവ് | 86,100 |
| സ്രോതസ്സ് | വികസനഫണ്ട്, എസ്.സി.പി. |

**4)**

| | |
|---|---|
| പ്രോജക്ട് നം. | 38/18 |
| പ്രോജക്ട് നം. | പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതി പെൺകുട്ടികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ | 1,00,000 |
| ചെലവ് | 86,100 |
| സ്രോതസ്സ് | വികസനഫണ്ട്, എസ്.സി.പി. |

പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ലാപ്ടോപ്പ് വാങ്ങി നൽകുകയായിരുന്നു പ്രോജക്ടുകളുടെ ലക്ഷ്യം. ആകെ 1,72,200 രൂപ (86100+86100) ചെലവഴിച്ച് 6 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. (ബിൽ നം.2&3/8.1.018) എന്നാൽ 5 ലാപ്ടോപ്പുകൾ മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. ശേഷിക്കുന്ന ഒരു ലാപ്ടോപ്പ് വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് 27.11.18ൽ നൽകിയ 7-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 1 ലാപ്ടോപ്പിന്റെ വിലയായ 28,700 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-5 സ്വയംതൊഴിൽ സംരംഭം - പ്രോജക്ട് നിർവഹണത്തിന്റെ വിശദാംശങ്ങൾ, രേഖകൾ എന്നിവ ലഭ്യമാക്കിയില്ല

പ്രോജക്ട് നം -138/18

പ്രോജക്ട് -തെങ്ങണ സ്വയംതൊഴിൽ വിപണനകേന്ദ്രം സ്വയംതൊഴിൽ സംരംഭം .

അടങ്കൽ - 2,00,000/- (വികസനഫണ്ട് -എസ്.സി.പി)

ചെലവ് - 2,00,000/-(ബിൽ നം.025/18 തീ.28.03.2018)

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 8 വനിതകൾ നടത്തുന്ന ഗ്രൂപ്പ് രൂപീകരിച്ച് യോഗം കൂടി ബൈലോ തയ്യാറാക്കി തൊഴിൽ സംരംഭം ചർച്ച ചെയ്ത് മിനിറ്റ്സ് തയ്യാറാക്കി സമർപ്പിക്കുമ്പോൾ 25,000/- രൂപ നിരക്കിൽ ഗ്രൂപ്പിന് 2 ലക്ഷം രൂപ നൽകാൻ വിഭാവനം ചെയ്ത ഈ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
2.സ്വയംതൊഴിൽ സംരംഭത്തിന്റെ വിശദാംശങ്ങൾ, ബൈലോ, ഗ്രൂപ്പിലുള്ള അംഗങ്ങളുടെ വിശദാംശങ്ങൾ, അംഗങ്ങൾ സബ്സിഡി മാർഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ളവരാണോയെന്ന വിവരങ്ങൾ വ്യക്തമല്ല.

3. ജി.ഒ(എം.എസ്.)നം.80/2017 തസ്വഭവ തീ.03.04.2017 പ്രകാരം സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% മാണ് നൽകാവുന്നത്. ഈ നിർദേശം നടപ്പിലാക്കിയതിന്റെ വിവരം ലഭ്യമല്ല.

4. ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞശേഷം നടത്തിയ ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പായിരിക്കണമെന്ന മേൽപ്പറഞ്ഞ മാർഗ രേഖയിലെ നിർദേശം പാലിച്ചതിന്റെ വിവരം ലഭിച്ചിട്ടില്ല.

5. സംരംഭം ഒറ്റ യൂണിറ്റായി നടത്തുകയും സാമ്പത്തിക ഇടപാടുകൾ ബാങ്ക് അക്കൗണ്ട് മുഖേന വേണം, വായ്പാബന്ധിത പ്രോജക്ടായിരിക്കണം, സബ്സിഡി ബാങ്കിൽ അടയ്ക്കണം എന്നീ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന വിവരവും ലഭ്യമല്ല.

6.പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിലില്ല.
7.പ്രോജക്ടിന്റെ പേരിലുള്ള തെങ്ങണസ്വയം തൊഴിൽ വിപണനകേന്ദ്രവും ഈ പ്രോജക്ടുമായുള്ള ബന്ധം വ്യക്തമല്ല.

അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 2,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-6 മോട്ടോർ സൈക്കിളിന് അധിക നിരക്കിൽ സബ്സിഡി നൽകി

പ്രോജക്ട് നം -42/18

നിർവഹണഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് -സ്വയംതൊഴിൽ - എസ്.സി യുവജനങ്ങൾക്ക് മോട്ടോർ സൈക്കിളിന് സബ്സിഡി

അടങ്കൽ - 1,80,000/- (വികസനഫണ്ട് -എസ്.സി.പി)

ചെലവ് - 1,80,000/-(ബിൽ നം.7/17-18 തീ. 18.11.17- 30,000/-, ബിൽ നം.14/17-18 തീ-9.2.18 -90,000/-, ബിൽ നം.9/17-18 തീ 18.11.17- 60,000/-)

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ബിൽ നം.9/17-18തീ 18.11.17-പ്രകാരമുള്ള 60,000/- രൂപയുടെ ചെലവിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

2.ജി.ഒ (എം.എസ്)നം.80/2017 തസ്വഭവ തീ.03.04.2017 പ്രകാരം സബ്സിഡിനിരക്കിന്റെ ഉയർന്ന പരിധി എന്നത് മോട്ടോർ സൈക്കിൾ വിലയുടെ 33 1/3 % (പരമാവധി 30,000/-)യാണ്. എന്നാൽ ഈ പ്രോജക്ട് പ്രകാരം 3 പേർക്ക് 30,000/- രൂപ വീതം നൽകിയപ്പോൾ സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി പാലിച്ചിട്ടില്ല. ആയതിനാൽ 20,066 രൂപ അധികം നൽകാനിടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | മോട്ടോർ സൈക്കിളിന്റെ വില | നൽകിയ സബ്സിഡി | **വിലയുടെ 33 1/3%** | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1. | വിനായക ബി.റ്റി. | 67,080/- | 30,000/- | 22,360 | 7,640/- |
| 2. | ജാനേഷ് സി.ആർ. | 69,094/- | 30,000/- | 23,032 | 6,968/- |
| 3 | നിഷ ശിവൻകുട്ടി | 73,626/- | 30,000/- | 24,542 | 5,458/- |
| | **ആകെ** | | | | **20,066/-** |

ഇതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. പ്രോജക്ടിന്റെ ഗുണഭോക്താക്കൾ തൊഴിൽരഹിതരോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോയാണോയെന്ന വിവരങ്ങൾ ലഭ്യമല്ല.

4.നിലവിൽ ഇരുചക്ര -നാലുചക്ര വാഹനം സ്വന്തമായുള്ളവരാണോയെന്ന് വ്യക്തമല്ല.

5.ഗുണഭോക്താക്കൾ മോട്ടോർ സൈക്കിൾ വാങ്ങി രജിസ്റ്റർ ചെയ്തതിന്റെ വിശദാംശങ്ങൾ, ഇതുപയോഗിച്ച് ചെയ്യുന്ന സ്വയം തൊഴിലിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

6.പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2) മറുപടി ലഭ്യമാക്കിയില്ല. സബ്സിഡിയിനത്തിൽ അധികം നൽകിയ 20,066/- രൂപയുടെ ചെലവ് നിരാകരിക്കുകയും രേഖകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച 1,80,000 രൂപയിൽ 1,59,934 രൂപ (ഓഡിറ്റിൽ നിരാകരിച്ച 20,066 രൂപ കുറവുള്ള തുക)യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-7 വൃദ്ധർക്ക് കട്ടിൽ - പ്രോജക്ട് നിർവഹണത്തിൽ അപാകതകൾ

പ്രോജക്ട് നം. 132/18

പ്രോജക്ടിന്റെ പേര് – വൃദ്ധർക്ക് കട്ടിൽ

അടങ്കൽ - 4,20,000/-(വികസന ഫണ്ട് )

ചെലവ് - 4,16,691/-(ബിൽ നം.23/17-18, തീ.28.3.18)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ഈ പ്രോജക്ട് പ്രകാരം 99 കട്ടിലുകൾ 4,209/-രൂപ നിരക്കിൽ തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ടെണ്ടർ ക്ഷണിച്ചപ്പോൾ തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനം 3860/-. 4209 (ഐ.എസ്.ഐ മാർക്ക് പ്ലൈവുഡ് )എന്നീ നിരക്കുകളിലുള്ള ആഞ്ഞിലി തടിയുടെ കട്ടിലുകൾക്ക് ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചതിന്റെ കാരണം വ്യക്തമല്ല. എന്നാൽ നിർവഹണഉദ്യോഗസ്ഥയുടെ 9.3.2018 ലെ സപ്ലൈ ഓർഡറിൽ സ്പെസിഫിക്കേഷനോ തടിയുടെ വിവരമോ വ്യക്തമാക്കിയിട്ടില്ല. തമ്പുരാൻകാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിന്റെ 2.3.2018 ലെ 3069-ാം നം ഇൻവോയിസിൽ തടിക്കട്ടിൽ എന്ന് മത്രമാണ് രേഖപ്പെടുത്തിരിക്കുന്നത്. തടിയുടെ ഇനമോ സ്പെസിഫിക്കേഷനോ വ്യക്തമാക്കിയിട്ടില്ല. സപ്ലൈ ചെയ്ത സാധനത്തിന്റെ ഗുണനിലവാരം സംബന്ധിച്ച് ആവശ്യമായ പരിശോധന നടത്തിയതായി കാണുന്നില്ല. ഇപ്രകാരമുള്ള അപാകതകൾ ആവർക്കാതിരിക്കാൻ നിർവഹണഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 വീട് പുനരുദ്ധാരണം - ചെലവുരേഖകൾ പൂർണമായി ലഭ്യമാക്കിയില്ല

പ്രോജക്ട് നം.157/18

പ്രോജക്ടിന്റെ പേര് -എസ്.സി വീട് പുനരുദ്ധാരണം

അടങ്കൽ- 1,00,000
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

ചെലവ്- 1,00,000 (ബിൽ നം.3 തീ:30.6.17 – 50,000, ബിൽ നം.4 തീ:17.8.17, 50,000)

സ്പിൽ ഓവറായി നിർവഹിച്ച ഈ പ്രോജക്ട് പ്രകാരം ചെലവഴിച്ച 1 ലക്ഷം രൂപയിൽ 50,000/- രൂപയുടെ ചെലവുരേഖകൾ മാത്രമെ ഹാജരാക്കിയിട്ടുള്ളു. ബാക്കി 50,000/- രൂപയുടെ (ബിൽ നം.4, തീ.17.8.17)ചെലവുരേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ 50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 വിദ്യാർത്ഥികൾക്ക് പഠനമുറി - പ്രോജക്ട് നിർവഹണത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

1.പ്രോജക്ട് നം. - 11/18

പ്രോജക്ടിന്റെ പേര് -എസ്.സി.ഡിഗ്രി വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ - 5,00,000/- (വികസനഫണ്ട് -എസ്.സി.പി)

ചെലവ് - 3,00,000/

2.പ്രോജക്ട് നം. – 12/18

പ്രോജക്ടിന്റെ പേര് -എസ്.സി.ഡിഗ്രി വിദ്യാർത്ഥിനികൾക്ക് പഠനമുറി

അടങ്കൽ - 5,00,000/- (വികസനഫണ്ട് -എസ്.സി.പി)

ചെലവ് - 3,00,000/-

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ മേൽസൂചിത പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടുകളുടെ ചെലവുമായി ബന്ധപ്പെട്ട രേഖകൾ, ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 5 ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട ഏതാനും രേഖകൾ മാത്രമാണ് ഫയലിൽ ലഭ്യമാക്കിയത്. ഇവയിൽനിന്നും ചെലവുതുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. ബിൽബുക്ക് പ്രകാരം ഈ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽനം./തീയതി | തുക |
|---|---|
| 8/17-18, 18.11.17 | 30,000 |
| 10/17-18, 8.1.18 | 20,000 |
| 11/17-18, 8.1.18 | 30,000 |
| 12/17-18, 24.1.18 | 50,000 |
| 13/17-18, 24.1.18 | 70,000 |
| 15/17-18, 9.2.18 | 1,00,000 |
| 17/17-18, 22.2.18 | 50,000 |

| | |
|---|---|
| 19/17-18, 12.3.18 | 50,000 |
| 20/17-18, 12.3.18 | 50,000 |
| 21/17-18, 22.3.18 | 50,000 |
| 22/17-18, 22.3.18 | 50,000 |
| 26/17-18, 28.3.18 | 50,000 |
| 27/17-18, തീയതി വ്യക്തമല്ല | 50,000 |
| **ആകെ** | **6,50,000** |

മേൽപ്പറഞ്ഞ തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ, പ്രോജക്ട് രൂപീകരണഫാറം, ഗുണഭോക്താക്കളുടെ വിവരങ്ങൾ, നിർമ്മിച്ച പഠനമുറിയുടെ വിശദാംശങ്ങൾ, വിദ്യാർത്ഥികളാണെന്നു തെളിയിക്കുന്ന രേഖകൾ, പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് മുതലായവ ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/29.11.18) മറുപടി ലഭ്യമാക്കിയില്ല. വ്യക്തമായ ചെലവുരേഖകളുടെ അഭാവത്തിൽ ഈ പ്രോജക്ടുകൾക്കായുള്ള 6,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 3-10 പതിന്നാലാം ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കി

അടിസ്ഥാന സേവന ഉപ പദ്ധതിയിൻ കീഴിൽ ശുചിത്വം, മാലിന്യ പരിപാലനം, മലിനജല നിർഗ്ഗമനം, ഖരമാലിന്യ പരിപാലനം, ശ്മശാനങ്ങൾ സ്ഥാപിക്കൽ, നടപ്പാതകളുടെ നിർമ്മാണം, തെരുവു വിളക്കുകൾ സ്ഥാപിക്കൽ, കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹികാസ്തികളുടെ പരിപാലനം, സംരക്ഷണം, റോഡ് സംരക്ഷണം, പരിപാലനം എന്നിവയ്ക്കായുള്ള പ്രോജക്ടുകൾ ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക വിനിയോഗിച്ച് ഏറ്റെടുക്കാവുന്നതാണ്. റോഡ്സംരക്ഷണം, പരിപാലനം എന്നീ പദ്ധതികളിലായി 13 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ളത്.

തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പിന്റെ 18.09.2017 ലെ 1/672/2017/തസ്വഭവ നം. സർക്കുലർ, 10.11.2017 ലെ ഡി.എ.1/859/2017 തസ്വഭവ നം. സർക്കുലർ, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 1.11.2017 ലെ 3.6 തീരുമാനം എന്നിവ പ്രകാരം ധനകാര്യകമ്മിഷൻ ഗ്രാന്റുപയോഗിച്ച് പുതിയ റോഡിന്റെ കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടത്തുവാൻ പാടില്ലായെന്നും നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായി ടാറിംഗും കോൺക്രീറ്റിംഗും ആവശ്യമാണെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനിയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ ഇവ അനുവദിക്കാവുന്നതാണെന്നുമാണ് ഉത്തരവായിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ കോൺക്രീറ്റിംഗ് പ്രവൃത്തികളിലൊന്നിലും തന്നെ ബന്ധപ്പെട്ട എൻജിനിയർ ടി റോഡുകളുടെ പരിപാലനത്തിനും സംരക്ഷണത്തിനും കോൺക്രീറ്റിംഗ് അനിവാര്യമാണെന്ന സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

ധനകാര്യകമ്മിഷൻ ഗ്രാന്റായി ലഭിച്ച 76,64,289 രൂപയിൽ 36,39,353 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ കോൺക്രീറ്റിംഗിനായിട്ടുള്ള 22 പ്രവൃത്തികളിൽ 13 എണ്ണം പൂർത്തിയായിട്ടുണ്ട്. ധനകാര്യകമ്മിഷൻ ഗ്രാന്റ് തുക ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയറുടെ സാക്ഷ്യപ്പെടുത്തലില്ലാതെ ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 3-11 വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോം നിർമ്മാണം- പ്രേജക്ട് നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | SO167/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | ശ്രീ.ജെയിംസ് ജോൺ |
| അടങ്കൽ | തനത് ഫണ്ട് – 3,00,000 |
| ചെലവ് | 2,32,865/-, ചെക്ക് നം.-0900128 dt.26.09.18 (ക്യൂ-ലിസ്റ്റിലാണ്) |
| അളവുപുസ്തകം | എം.ബുക്ക് നം. 1/18-19 |
| കരാർ നം./തീ | 1/AE/LSGD/MDPLY/18-19 – 5.03.2018 |

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിലെ എട്ട് വാർഡുകളിലായി എട്ട് വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോമുകളാണ് നിർമ്മിച്ചത്. പ്രവൃത്തി നടത്തിപ്പിനായി ടെൻഡർ ക്ഷണിച്ചപ്പോൾ സിംഗിൾ ടെൻഡറാണ് ലഭിച്ചത്. വർക്ക് റീടെൻഡർ ചെയ്യാതെ സിംഗിൾ ടെൻഡർ അംഗീകരിച്ചതിന്റെ കാരണം ടെൻഡർ രജിസ്റ്ററിലും ഫയലിലും

രേഖപ്പെടുത്തിയിട്ടില്ല.

2.സ്വകാര്യവ്യക്തികളുടെ സ്ഥലത്താണ് എട്ട് വാട്ടർ കിയോസ്ക് -പ്ലാറ്റ് ഫോമുകളും ടാങ്കുകളും സ്ഥാപിച്ചതെങ്കിൽ പൊതു ആവശ്യത്തിന് സ്ഥലമുപയോഗിക്കുന്നതിന് സ്ഥലമുടമകൾ പഞ്ചായത്തിന് അനുമതി നൽകിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

3.പ്ലാറ്റ് ഫോമുകൾക്ക് മേൽ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.
4.പ്ലാറ്റ് ഫോമുകളുടെ സംരക്ഷണത്തിനായും കുടിവെള്ളവിതരണത്തിനായും പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമല്ല.

രേഖാമൂലം വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.20) മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-12 പഞ്ചായത്ത് ഓഫീസ് ഒന്നാം നില നിർമ്മാണം--പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം (പ്രോജക്ട് നം.144/17-18) എന്ന പ്രോജക്ടിന്റെ ഇ-ടെൻഡറിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.എ.എസ്.ജോസഫ്, ആഞ്ഞിലിമൂട്ടിൽ, മാമ്മൂട് എന്നയാളുടെ ടെൻഡർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചത് 21.01.2017ലാണ്. വേല ആരംഭിയ്ക്കുന്നതായി സൂചിപ്പിച്ചിരിയ്ക്കുക്കുന്നത് 7.02.2017 ലും. എന്നാൽ 05.05.2017-ൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. അളവുപുസ്തകപരിശോധനയിൽ റിവൈസ്ഡ് എസ്റ്റിമേറ്റിലുൾപ്പെടുത്തിയ 28 ഇനങ്ങളിൽ 15 എണ്ണം ഒഴിവാക്കിയാണ് വേല പൂർത്തീകരിച്ചിരിയ്ക്കുന്നത്. പ്രസ്തുത ഇനങ്ങൾ ഒഴിവാക്കിയ കാരണവും വ്യക്തമല്ല.

2. 21.01.2017 -ൽ ഇ-ടെൻഡർ പ്രകാരം അംഗീകരിച്ച കരാറുകാരന്റെ quoted amount 15% below ആയിരുന്നു. എന്നാൽ സ്റ്റേറ്റ്മെന്റിൽ തിരുത്തൽ വരുത്തി 10% ആയി ഉയർത്തിയതു മൂലം പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്.

3. ജി.ഒ.(എം.എസ്.)നം.362/2013തസ്വഭവ16-11-13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പ്രസ്തുത നിർദേശങ്ങൾക്ക് വിരുദ്ധമായി floor finishing, electrification, Plumbing എന്നിവ ഉൾപ്പെടുത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഇത് ശരിയായ നടപടിയല്ല.

3. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ലക്ഷ്യപ്രാപ്തി കൈവരിയ്ക്കുന്നതിനുള്ള തുടർ നടപടികളെ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
ഈ സാഹചര്യത്തിൽ മാടപ്പിള്ളി ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാങ്കേതിക സഹായത്തോടുകൂടി നിർമ്മാണ പ്രവൃത്തിയിലെ അപാകങ്ങളും ടെണ്ടർ സ്വീകരിച്ചതിലെ അപാകങ്ങളും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-13 അങ്കണവാടി നിർമ്മാണം-തുടർനടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 192/18 |
| അടങ്കൽ | 10,00,000<br>1,00,000(പദ്ധതിവിഹിതം)<br>7,00,000(എൻ.ആർ.ഇ.ജി.എ)<br>2,00,000(ഐ.സി.ഡി.എസ് -ഫണ്ട്) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വൗച്ചർ നമ്പർ | 21700923/8.2.18 |

ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിലുള്ള പ്രിയദർശിനി അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ജി.ഒ (ആർ.റ്റി) 223/17/LSGD തീയതി 27.1.17 ലെ വ്യവസ്ഥകൾ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നിർവ്വഹിക്കുന്ന രീതിയിലാണ് പ്രോജക്ട് രൂപീകരിച്ചത്. ആയതിലേക്കായി സാമൂഹ്യക്ഷേമവകുപ്പ് വിഹിതമായി 2,00,000 രൂപയും എൻ.ആർ.ഇ.ജി.എ വിഹിതമായി 7,00,000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 1,00,000 രൂപയും വകയിരുത്തി. അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി സെക്ഷൻ, തൊഴിലുറപ്പ് പദ്ധതി ബ്ലോക്ക് അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ സാങ്കേതികാനുമതി നൽകിയതിന്റെയും ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രോജക്ട് അംഗീകരിക്കുകയും ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമായില്ല. ഗ്രാമപഞ്ചായത്ത് വിഹിതമായ 1,00,000 രൂപ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ

അക്കൗണ്ടിലേക്ക് 8.02.2018 ൽ ട്രാൻസ്ഫർ ചെയ്തു. എന്നാൽ നാളിതുവരെ പ്രോജക്ട് ആരംഭിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല. പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മേൽ പ്രോജക്ടിനുവേണ്ടി ചെലവഴിച്ച 1,00,000 രൂപയുടെ ചെലവ് ഓഡിറ്റിൽ **തടസ്സപ്പെടുത്തുന്നു.**

## 3-14 ലക്ഷ്യം കൈവരിയ്ക്കാത്ത പ്രോജക്ടുകൾ

**1.മാടപ്പള്ളി പി.എച്ച്.സി-പുതിയ കെട്ടിടം -കെട്ടിടം ഉപയോഗക്ഷമമായിട്ടില്ല**

മാടപ്പള്ളി പി.എച്ച്.സിയിൽ പുതിയ കെട്ടിടം (പുതിയ ബ്ലോക്ക്) നിർമ്മിച്ച് ഡോക്ടർമാർക്കുള്ള കൺസൾട്ടിംഗ് റൂം, നേഴ്സസ് റൂം, ഒ.പി കൗണ്ടർ, ഫാർമസി, സ്റ്റോർ റൂം, രോഗികൾക്കുള്ള വെയിറ്റിംഗ് ഏരിയ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലായി 28,00,000/-രൂപ (ലോക ബാങ്ക് ധനസഹായം) ചെലവഴിച്ചാണ് കെട്ടിടം നിർമ്മിച്ചത്.

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ 27.11.2018- ൽ ഓഡിറ്റ് ടീം നേരിൽ സന്ദർശിച്ച് പ്രസ്തുത കെട്ടിടം പരിശോധിച്ചു. കെട്ടിടം നാളിതുവരെ ഉപയോഗക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് വ്യക്തമായി. 'ഒരു ഗോഡൗണിന്റെ' അവസ്ഥയിൽ പൊടിപിടിച്ചാണ് കെട്ടിടം കാണപ്പെട്ടത്.

ചുരുക്കത്തിൽ രോഗികളുടെയും ആശുപത്രി അധികൃതരുടെയും യഥാർത്ഥ ആവശ്യങ്ങൾ ശരിയായ രീതിയിൽ വിലയിരുത്തിയ ശേഷമല്ല നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പി.എച്ച്.സിയിലെ എല്ലാ കെട്ടിടങ്ങളും ഉപയോഗക്ഷമമാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണത്തിലെ സാങ്കേതിക പിഴവുകൾ ഒഴിവാക്കേണ്ടതുമാണ്. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

**2.മാടപ്പള്ളി വനിതാ വ്യവസായ കേന്ദ്രം- കെട്ടിടം ഉപയോഗക്ഷമമായിട്ടില്ല**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ടി കെട്ടിടം നാളിതുവരെയായി പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിനുള്ളിലേക്ക് പ്രവേശിക്കുവാൻ സാധിക്കാത്ത തരത്തിൽ പരിസരം മുഴുവനും കാടുപിടിച്ച് കിടക്കുകയാണ്. കൂടാതെ വെള്ളപ്പൊക്കത്തിനുശേഷം പഞ്ചായത്തിലെ വിവിധ വാർഡുകൾ വൃത്തിയാക്കിയപ്പോൾ ലഭിച്ച പ്ലാസ്റ്റിക് മാലിന്യം ടി കെട്ടിടത്തിലാണ് ചാക്കുകളിൽ കെട്ടി സൂക്ഷിച്ചിരിയ്ക്കുന്നത്. ഓഡിറ്റു വർഷം വരെ കെട്ടിടനിർമ്മാണത്തിനായി 72,71,568/-രൂപ ചെലവുവന്നിട്ടുണ്ട്. വർഷം തിരിച്ചുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം.213/11-12 | 22,83,729 |
| പ്രോജക്ട് നം.131/12-13 | 14,56,469 |
| പ്രോജക്ട് നം.123/14-15 | 14,86,080 |
| പ്രോജക്ട് നം.172/15-16 | 14,98,824 |
| പ്രോജക്ട് നം.148/15-16 | 4,87,126 |
| പ്രോജക്ട് നം.183/17-18 | 59,340 |
| | **72,71,568** |

നാളിതുവരെയായി പ്രവർത്തനക്ഷമമാക്കാത്തതിനാൽ തന്നെ ആവശ്യകത നിർണയിക്കാതെ ഫണ്ട് ചെലവഴിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി മാത്രം ടി കെട്ടിടം നിർമിച്ചതാണെന്ന് വ്യക്തമായി.
2017-18 സാമ്പത്തിക വർഷം 59,340 രൂപ ചെലവഴിച്ച് കെട്ടിടം വയറിംഗ് നടത്തിയിട്ടുണ്ട്. (പ്രോജക്ട് നം.180/18 നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി) 27.11.2018 ൽ നടത്തിയ ഭൗതിക പരിശോധനയിൽ, വനിതാവ്യവസായ കേന്ദ്രത്തിന് സമീപം രണ്ടാൾ പൊക്കത്തിൽ കാടുപിടിച്ച് കിടന്നതിനാൽ വയറിംഗ് നടത്തിയിരുന്നോയെന്ന് ഉറപ്പാക്കാൻ കഴിഞ്ഞില്ല.

പഞ്ചായത്ത് കമ്മറ്റിയുടെ 24.6.16 ലെ 9 നം തീരുമാനപ്രകാരം എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് പണിതിട്ടുള്ള ടി കെട്ടിടത്തിന്റെ താഴത്തെ നില വനിതവ്യവസായ കേന്ദ്രം പ്രവർത്തനങ്ങൾക്കും മുകളിലെ രണ്ടുനിലകൾ വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ പോലുള്ള ഓഫീസുകൾ താത്ക്കാലികമായി പ്രവർത്തിപ്പിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് ബഹു.തദ്ദേശ വകുപ്പ് സെക്രട്ടറിയോടും പട്ടികജാതിക്ഷേമ വകുപ്പിനോടും അപേക്ഷിക്കുന്നതിന് തീരുമാനിച്ചതായി കാണുന്നു. കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 കുറഞ്ഞ ടെൻഡർ അംഗീകരിയ്ക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചു

| | |
|---|---|
| പ്രോജക്ട് നം. | 76/2017-18 |
| പ്രോജക്ടിന്റെ പേര് | ചേറ്റുവാങ്കു്-പങ്കിപ്പുറം റോഡ് കോൺക്രീറ്റിംഗ് -വാർഡ് 2 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എൻജിനീയർ |
| കരാറുകാരൻ | ശ്രീ.ബിജോയി കുര്യൻ അലക്സാണ്ടർ |

| | |
|---|---|
| എഗ്രിമെന്റ് നം. | 43/T/AE/LSGD/MDPLY/17-18.20.10.2017 |
| അളവുപുസ്തകം | 43/17-18 |
| വകയിരുത്തിയ തുക | 3,72,285 |
| ചെലവഴിച്ച തുക | 3,03,758<br>(വൗച്ചർ നം.21701009/28.02.2018) |

മേൽ സൂചിത പ്രോജക്ടിനായി ടെൻഡർ സമർപ്പിച്ചത് ശ്രീ.ബിജോയി കുര്യൻ അലക്സാണ്ടർ (16.27%below), ശ്രീ.ജെയിംസ് ജോൺ (16.99%below), ശ്രീ.ബാബു തോമസ്(1%-below) എന്നിവരായിരുന്നു. എന്നാൽ അംഗീകരിച്ചത് ശ്രീ.ബിജോയി കുര്യൻ അലക്സാണ്ടർ സമർപ്പിച്ച 16.27% below ആയിരുന്നു. ശ്രീ.ജെയിംസ് ജോൺ സമർപ്പിച്ച 16.99% below ടെൻഡർ അംഗീകരിയ്ക്കാത്തതു മൂലം പഞ്ചായത്ത് ഫണ്ടിന് 2,681 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി | 25.09.2017 | 7,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 7,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, മാടപ്പള്ളി | 28.09.2017 | 6,00,000 | അംഗപരിമിതരായ കുട്ടികൾക്ക് സ്കോളർഷിപ്പ് | 6,00,000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വനിത വിപണനകേന്ദ്രം വയറിംഗ് | 59340<br>വൗച്ചർ നം. 21700621<br>ചെക്ക് നം. 0812382 | 0 | 59,340 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് ഇനങ്ങളിൽ വരവുചെലവുകളില്ല.

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 95,51,311 |
| തൻവർഷം നിക്ഷേപിച്ച തുക | 8,40,568 |
| ആകെ | 1,03,91,879 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ---- |
| വർഷാവസാനം ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,03,91,879 |

### 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീയതി |
|---|---|---|---|---|
| 2016-17 | 3-2 | 62,281 | ഐ.സി.ഡി.എസ് (ലക്ഷ്മി എ.എസ്.) | 117010102977<br>117010103058<br>-------- |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 02-03 | 2-9 | 2005-06 | 2(26)(1) | മിനിസിവിൽ സ്റ്റേഷൻ നിർമ്മാണം ലാൻഡ് അകിസിഷന് വേണ്ടി 40.5 ലക്ഷം രൂപ സർക്കാരിൽ കെട്ടിവച്ചെങ്കിലും നിർമ്മാണം അനിശ്ചിതമായി തുടരുന്നു. | ബഹു.നിയമസഭാസമിതിയുടെ റിപ്പോർട്ട് പ്രകാരമുള്ള തുടർ നടപടികൾ തുടരുന്നു. ഇത് സംബന്ധമായ ഫയൽ ഹാജരാക്കിയില്ല. |
| 2000-01 | | 2000-01 | 4(26) | പിരിവ് നടത്തിയ പണം അനധികൃതമായി കയ്യിൽ സൂക്ഷിക്കുന്ന പ്രവണത | |

4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | :12,22,27,294.10(3,99,59,984.10 രൂപ മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | :7,63,69,714 |
| വരവിനങ്ങളിലുള്ള നഷ്ടം | :53,147 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :20,066 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :12,57,125 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.

(ബി) **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1-1 | 53,147 | | ശ്രീ.സി.പി.വേണുഗോപാൽ, സെക്രട്ടറി |
| 3-6 | | 20,066 | ശ്രീ.തോമസ് വി.കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 58,697 | ശ്രീ.സി.പി.വേണുഗോപാൽ, സെക്രട്ടറി |
| 3-4 | 38,494 | ശ്രീ.ആനന്ദ് പി.പി., ഹെഡ്മാസ്റ്റർ |
| 3-5 | 2,00,000 | ശ്രീ.തോമസ് വി.കുരുവിള,അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 1,59,934 | ശ്രീ.തോമസ് വി.കുരുവിള,അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 50,000 | ശ്രീ.തോമസ് വി.കുരുവിള,അസിസ്റ്റന്റ് സെക്രട്ടറി |
| 3-9 | 6,50,000 | ശ്രീ.തോമസ് വി.കുരുവിള,അസിസ്റ്റന്റ് സെക്രട്ടറി |
| 3-13 | 1,00,000 | ശ്രീ.സി.പി.വേണുഗോപാൽ, സെക്രട്ടറി |
| **ആകെ** | **12,57,125** | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.പി.വേണുഗോപാൽ, സെക്രട്ടറി | സെക്രട്ടറി, മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | മുളക്കുഴശ്ശേരി, മാമ്മൂട് പി.ഒ., ചങ്ങനാശ്ശേരി |
| ശ്രീ.തോമസ് വി.കുരുവിള, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മാടപ്പള്ളി ഗ്രാമപഞ്ചായത്ത് | വേലങ്ങാട്ട് ഹൗസ്, മാങ്ങാനം പി.ഒ., കോട്ടയം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.കെ.പി8/334/08/31.03.09 | 16 |
| 96-97ചെലവ് | എൽ.എഫ്.കെ.പി3/209/98/02.05.98 /10.03.2000 | 14 |
| 2001-2002 ചെലവ് | എൽ.എഫ്.കെ.പി8/578/04/08.12.15 | 2 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി8/680/05/08.12.15 | 1 |
| 2006-07 | എൽ.എഫ്.കെ.പി.10/922(1) /17/05.4.18 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.10/922(2)/ 17/05.4.18 | 7 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.10/922(3)/ 17/05.4.18 | 7 |
| 2009-10 | കെ.എസ്.എ- | 5 |

| | | |
|---|---|---|
| | കെ.ടി.എം.പി.10/922(4)/ 17/05.4.18 | |
| 2010-11 | കെ.എസ്.എ-<br>കെ.ടി.എം.പി.10(അദാ.2018)/<br>182(3)/01.02.18 | 9 |
| 2011-12 | എൽ.എഫ്.കെ.പി.10(അദാ.2018)/<br>182(6)/01.02.18 | 13 |
| 2012-13 | എൽ.എഫ്.കെ.പി.3/1578/14/21.04.15 | 7 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.3-816/15<br>/02.02.16 | 9 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.3-<br>/16/02.02.16 | 27 |
| 2015-16 | കെ.എസ്.എ-<br>കെ.ടി.എം.പി3-1740/2016/ 05.05.2017 | 30 |
| 2016-17 | കെ.എസ്.എ-<br>കെ.ടി.എം.പി.10/119/18/ 04.04.18 | 18 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ല ഓഡിറ്റ് കാര്യാലയം-കോട്ടയം**

അനുബന്ധം 2
പ്രോജക്ട് - ടെണ്ടർ ഫാറം വില അടവാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു - ഖണ്ഡിക 2-6ന്റെ തുടർച്ച

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രവൃത്തിയുടെ പേര് | മതിപ്പ് ചെലവ് | ടെൻഡർ ഫോം വില | ജി എസ് റ്റി(18%) | ആകെ | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 50 | പുന്നാംചിറ പന്നിത്തടം റോഡ് കോൺക്രീറ്റിംഗ് | 575770 | 1160 | 208.8 | 1369 | 3 | 4107 |
| 2 | 51 | കൊട്ടാരംകുന്ന് കുറ്റിക്കണ്ടംറോഡ് കോൺക്രീറ്റിംഗ് | 105284 | 500 | 90 | 590 | 2 | 1180 |
| 3 | 52 | കുറ്റിക്കണ്ടം ഞാറക്കുളം റോഡ് കോൺക്രീറ്റിംഗ് | 118444 | 500 | 90 | 590 | 2 | 1180 |
| 4 | 53 | മാടത്താനി ആറ്റുകുഴിറോഡ് കോൺക്രീറ്റിംഗ് | 212000 | 500 | 90 | 590 | 3 | 1770 |
| 5 | 54 | കാവുങ്കൽപടി പൊങ്ങന്താനം റോഡ് കോൺക്രീറ്റിംഗ് | 434295 | 870 | 156.6 | 1027 | 4 | 4108 |
| 6 | 55 | തേക്കിൻകാട് മാടത്താനി റോഡ് കോൺക്രീറ്റിംഗ് | 154000 | 500 | 90 | 590 | 2 | 1180 |
| 7 | 56 | ചിറത്തലയ്ക്കൽ എഴുവന്താനം റോഡ് കോൺക്രീറ്റിംഗ് | 471000 | 950 | 171 | 1121 | 3 | 3363 |
| 8 | 57 | കൂനംപ്ലാക്കൽ വണ്ടൂലിക്കൽഭാഗം റോഡ് കോൺക്രീറ്റിംഗ് | 329000 | 660 | 118.8 | 779 | 3 | 2337 |
| 9 | 58 | ചേംപ്ലാനിക്കൽ പുള്ളോലിക്കൽ റോഡ് കോൺക്രീറ്റിംഗ് | 399732 | 800 | 144 | 944 | 3 | 2832 |
| 10 | 59 | മഠംപറമ്പ് പൊയ്കയിൽപടി റോഡ് കോൺക്രീറ്റിംഗ് | 345964 | 700 | 126 | 826 | 2 | 1652 |
| 11 | 60 | പാത്തിക്കൽപടി നല്ലയിടത്ത് കുന്ന് റോഡ് കോൺക്രീറ്റിംഗ് | 399732 | 800 | 144 | 944 | 3 | 2832 |
| 12 | 61 | തകിടി വെട്ടിയാട് ചൂരനോലി റോഡ് കോൺക്രീറ്റിംഗ് | 299400 | 600 | 108 | 708 | 3 | 2124 |
| 13 | 62 | പൊയ്കയിൽപടി മാന്നിലപ്പള്ളി റോഡ് റീടാറിംഗ് | 201026 | 500 | 90 | 590 | 4 | 2360 |
| 14 | 63 | വാറ്റൂപ്പറമ്പ് കമ്പനിപ്പടി മാർത്തോമ്മാ റോഡ് കോൺക്രീറ്റിംഗ് | 299400 | 600 | 108 | 708 | 2 | 1416 |
| 15 | 64 | കാരക്കാട്ട്പടി 28 ഏക്കർ റോഡ് കോൺക്രീറ്റിംഗ് | 260000 | 520 | 93.6 | 614 | 2 | 1228 |
| 16 | 65 | അലമാരിക്കമ്പനി വിദ്യാമഠം റോഡ് കോൺക്രീറ്റിംഗ് | 165621 | 500 | 90 | 590 | 2 | 1180 |
| 17 | 66 | കൊച്ചുറോഡ് തകിടി റോഡ് കോൺക്രീറ്റിംഗ് | 276370 | 560 | 100.8 | 661 | 2 | 1322 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 18 | 67 | നടയ്ക്കപ്പാടം മഠംപറമ്പ് ഓവേലിപറമ്പ് റോഡ് കോൺക്രീറ്റിംഗ് | 454036 | 910 | 163.8 | 1074 | 4 | 4296 |
| 19 | 69 | മറ്റം ഹോളോ ബ്ലോക്സ് കൊല്ലമല റോഡ് കോൺക്രീറ്റിംഗ് | 98703 | 500 | 90 | 590 | 2 | 1180 |
| 20 | 68 | മരങ്ങാട്ട് പിരളി ഇല്ലം റോഡ് കോൺക്രീറ്റിംഗ് | 230308 | 500 | 90 | 590 | 2 | 1180 |
| 21 | 70 | മുളക്കുഴ പാലാക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 569190 | 1140 | 205.2 | 1345 | 3 | 4035 |
| 22 | 71 | വെളിയം സെന്റ് സെബാസ്റ്റ്യൻ യു.പി. സ്കൂൾപടി ശൗരിച്ചൻപടി റോഡ് കോൺക്രീറ്റിംഗ് | 426681 | 860 | 154.8 | 1015 | 2 | 2030 |
| 23 | 72 | തകിടി അങ്കണവാടി ചൂരനോലി റോഡ് കോൺക്രീറ്റിംഗ് | 223728 | 500 | 90 | 590 | 2 | 1180 |
| 24 | 74 | വെളിയം തൃക്കോയിക്കൽ റോഡ് കോൺക്രീറ്റിംഗ് | 400000 | 800 | 144 | 944 | 3 | 2832 |
| 25 | 75 | ശൗരിച്ചൻപടി മുതലപ്ര നാട്ടുവാ റോഡ് കോൺക്രീറ്റിംഗ് | 400000 | 800 | 144 | 944 | 3 | 2832 |
| 26 | 76 | ചേറേറുവാങ്ക് പങ്കിപ്പുറം റോഡ് കോൺക്രീറ്റിംഗ് | 372285 | 745 | 134.1 | 879 | 3 | 2637 |
| 27 | 77 | മംഗലത്ത് പടി വേടൻചിറ റോഡ് കോൺക്രീറ്റിംഗ് | 427715 | 855 | 153.9 | 1009 | 3 | 3027 |
| 28 | 78 | റീതത്തുപള്ളി കൊരണ്ടിത്താനം റോഡ് റീടാറിംഗ് | 600000 | 1200 | 216 | 1416 | 2 | 2832 |
| 29 | 79 | വെങ്കോട്ട പാറേപീടിക അപ്പായിമുക്ക് റോഡ് റീടാറിംഗ് | 200000 | 500 | 90 | 590 | 2 | 1180 |
| 30 | 82 | ഏലംകുന്ന് കുരിശടി വാത്താച്ചിറ പാറടിയിൽ റോഡ് കോൺക്രീറ്റിംഗ് | 400000 | 800 | 144 | 944 | 3 | 2832 |
| 31 | 85 | പൊയ്ന്താനം പതിനഞ്ചിൽകരോട്ട് റോഡ് കോൺക്രീറ്റിംഗ് | 151345 | 500 | 90 | 590 | 2 | 1180 |
| 32 | 87 | പൊയ്ന്താനം കുളങ്ങോട് ചെരിവ് റോഡ് കോൺക്രീറ്റിംഗ് | 82253 | 500 | 90 | 590 | 2 | 1180 |
| 33 | 88 | പൊയ്ന്താനം പടിഞ്ഞാറെ | 111864 | 500 | 90 | 590 | 2 | 1180 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ചെരിവ് റോഡ് കോൺക്രീറ്റിംഗ് | | | | | | |
| 34 | 89 | ആശാരിപ്പടി വെട്ടിത്താനം റോഡ് കോൺക്രീറ്റിംഗ് | 605381 | 1220 | 219.6 | 1440 | 4 | 5760 |
| 35 | 90 | കരിക്കണ്ടം പിരളിക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 302691 | 605 | 108.9 | 714 | 3 | 2142 |
| 36 | 91 | അഴകാത്ത്പടി കുറ്റിക്കണ്ടം റോഡ് കോൺക്രീറ്റിംഗ് | 279660 | 560 | 100.8 | 661 | 2 | 1322 |
| 37 | 92 | കരിക്കണ്ടം ഇലഞ്ഞിമൂട് റോഡ് കോൺക്രീറ്റിംഗ് | 220438 | 500 | 90 | 590 | 2 | 1180 |
| 38 | 93 | പെരുമ്പനച്ചി മുല്ലശ്ശേരിക്കുന്ന് റോഡ് റീടാറിംഗ് | 372000 | 744 | 133.92 | 878 | 2 | 1756 |
| 39 | 94 | ചിറക്കുഴി ഗുഡ് ഷെപ്പേർഡ് കോട്ടപ്പുറം റോഡ് കോൺക്രീറ്റിംഗ് | 428181 | 856 | 154.08 | 1010 | 4 | 4040 |
| 40 | 96 | മോസ്കോ മുളകുപ്പാടം ഡീലക്സ് പടി റോഡ് കോൺക്രീറ്റിംഗ് | 323937 | 648 | 116.64 | 765 | 4 | 3060 |
| 41 | 97 | കണ്ണവട്ട കണ്ണമ്പള്ളി റോഡ് കോൺക്രീറ്റിംഗ് | 230308 | 500 | 90 | 590 | 3 | 1770 |
| 42 | 98 | കരിക്കണ്ടം പുരയ്ക്കൽ വട്ടച്ചാൽ പടി റോഡ് കോൺക്രീറ്റിംഗ് | 273079 | 550 | 99 | 649 | 3 | 1947 |
| 43 | 99 | കുറ്റിയിൽപടി വട്ടച്ചാൽപടി റോഡ് കോൺക്രീറ്റിംഗ് | 329000 | 660 | 118.8 | 779 | 4 | 3116 |
| 44 | 102 | കൈതമറ്റം തേനാടി റോഡ് കോൺക്രീറ്റിംഗ് | 216701 | 500 | 90 | 590 | 3 | 1770 |
| | | ആകെ | | | | | | 99647 |

## അനുബന്ധം -1
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

**നം.കെ.എസ്.എ-കെ.ടി.എം.പി-10/2193/18**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി: 19.12.2018**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **മാടപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ** വാർഷിക ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**